# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി 11/94/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 03/02/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി 11/94/2023 തീയ്യതി: 03/02/2023

## കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ രാജേഷ് എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ (07/01/2023 മുതൽ

13/01/2023 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോണിക്കുട്ടി എബ്രഹാം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സിന്ധുമോൾ എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 20-06-2021 |
| അനൂപ് എൻ. | സെക്രട്ടറി | 21-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| യമുന ജോസ് | കൃഷി ഓഫീസർ | 01-04-2021 | 06-10-2021 |
| നിയാസ് ഇ. എ. | കൃഷി ഓഫീസർ-ഇൻ ചാർജ് | 07-10-2021 | 31-03-2022 |
| ഡോ. അഞ്ജു എലിസ് ബെൻ | വെറ്റിനറി സർജൻ | 01-04-2021 | 04-12-2021 |
| ഡോ. നെൽസൺ എം. മാത്യു | വെറ്റിനറി സർജൻ | 05-12-2021 | 31-03-2022 |
| ഡോ. ശ്വേത ശിവദാസൻ | മെഡിക്കൽ ഓഫീസർ(PHC) | 01-04-2021 | 31-03-2022 |
| ഡോ. അരുൺ രാജ് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ബെൻഷാ ബഷീർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| പ്രേമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| മാർട്ടിൻ ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാറത്തോട്) | 01-04-2021 | 31-03-2022 |
| മാർട്ടിൻ ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചോറ്റി) | 01-04-2021 | 26-08-2021 |
| സീത എസ്. ചെമ്പുചിറ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചോറ്റി) | 27-08-2021 | 31-03-2022 |
| ബിന്ദു എം. ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 25-11-2021 |

| | | | |
|---|---|---|---|
| ഗീതാ പി. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-12-2021 | 31-03-2022 |
| ബിജി ചാക്കോ | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2021 | 31-03-2022 |
| മുഹമ്മദ് ഫൈസൽ | ഹെഡ്മാസ്റ്റർ | 01-04-2021 | 30-11-2021 |
| ജയറാണി മേരി ജേക്കബ് | ഹെഡ്മിസ്ട്രസ്-ഇൻ ചാർജ് | 01-12-2021 | 31-03-2022 |
| സൂസൻ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 15-10-2021 |
| പാർവതി ചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-10-2021 | 20-12-2021 |
| ദേവി വി. ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-12-2021 | 31-03-2022 |
| സിന്ധുമോൾ എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

26/11/2021 മുതൽ 20/12/2021 വരെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക ഒഴിവായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | 2017 വർഷം മോഷണം പോയ 10,634/- രൂപ സസ്പൻസ് ശീർഷകത്തിൽ ക്രമീകരിച്ചില്ല | 1-11 |
| 12 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് കണക്കുകൾ എ.സി.ആർ. സൂക്ഷിക്കുന്നില്ല-കണക്കുകളിൽ അവ്യക്തത | 1-12 |
| 13 | പഞ്ചായത്ത് ഫണ്ടിലുള്ള ജില്ല-ബ്ലോക്ക് വിഹിതങ്ങൾ-വിനിയോഗത്തിലെ അപാകതകൾ | 1-13 |
| 14 | KURDFC വായ്പ തുകയിൽ 24 ലക്ഷം രൂപയുടെ ബാധ്യത അനധികൃതമായി ഒഴിവാക്കി | 1-14 |
| 15 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-15 |
| 16 | നിക്ഷേപ പ്രവൃത്തികൾ-തുടർ നിരീക്ഷണങ്ങൾ നടത്തുന്നില്ല | 1-16 |
| 17 | വസ്തുനികുതി ഇളവ് വിശദാംശങ്ങൾ ലഭ്യമല്ല | 1-17 |
| 18 | 600 ചതുരശ്രഅടിയിൽ കുറഞ്ഞ കെട്ടിടങ്ങൾക്ക് നികുതി ഇളവ്-സത്യവാങ്മൂലം ഹാജരാക്കുന്നില്ല | 1-18 |
| 19 | 62,730/- രൂപ സ്ഥാപന/ട്രേഡർ തൊഴിൽ നികുതി കുടിശികയുടെ വിശദാംശമില്ല | 1-19 |
| 20 | സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കി | 1-20 |
| 21 | തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-21 |
| 22 | ആഞ്ഞിലി തടിലേലം-GST,FDT അടവാക്കിയില്ല | 1-22 |
| 23 | IFTEOS ലൈസൻസ്- രേഖകൾ സൂക്ഷിപ്പിൽ അപാകതകൾ | 1-23 |
| 24 | കമ്പ്യൂട്ടർ രസീതുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു | 1-24 |

| | | |
|---|---|---|
| 25 | ഇ-ടെണ്ടർഫീസ് പഞ്ചായത്തിന് ലഭിക്കുന്നില്ല | 1-25 |
| 26 | ഇലക്ട്രിസിറ്റി ചാർജ് - സർചാർജ് അടവാക്കുന്നത് | 1-26 |
| 27 | വെള്ളക്കരം-പ്രവർത്തിക്കാത്ത ടാപ്പുകൾക്കും ഒടുക്കുന്നു | 1-27 |
| 28 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ -സ്ഥലം പേരിൽകൂട്ടി ആസ്തിരജിസ്റ്ററിൽ ചേർത്തില്ല | 1-28 |
| 29 | വാഹന വാടക -തെറ്റായി നല്കിയ തുക നിരാകരിക്കുന്നു | 1-29 |
| 30 | ടേക്ക് എ ബ്രേക്ക് കെട്ടിട അറ്റകുറ്റപ്പണികൾ-കരാറുകാരന് അധിക തുക നല്കി | 1-30 |
| 31 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല | 1-31 |
| 32 | വി ഇ ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-പൊതു അപാകതകൾ | 1-32 |
| 33 | അനുപൂരക പോഷകാഹാര പരിപാടി -സ്റ്റോക്കിലും വിതരണത്തിലും അപാകതകൾ- | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വാഹന വാടക -തെറ്റായി നല്കിയ തുക നിരാകരിക്കുന്നു | 3-1 |
| 2 | അനുപൂരക പോഷകാഹാര പരിപാടി -സ്റ്റോക്കിലും വിതരണത്തിലും അപാകതകൾ- | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തീയതിയിലെ I(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11,218,721/- | 18,061,678/- |
| വരവ് | 226,149,850/- | 114,057,651/- |
| ആകെ | 237,368,571/- | 132,119,329/- |
| ചെലവ് | 224,055,800/- | 107,926,017/- |
| നീക്കിയിരിപ്പ് | 13,312,771/- | 24,193,312/- |

ബജറ്റ് പ്രകാരം 22.61 കോടി രൂപയുടെ പ്രതീക്ഷിത വരവും 22.4 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 20.37 കോടി രൂപയും ചെലവ് 21.63 കോടി രൂപയുമാണ്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയത് യഥാർത്ഥ കണക്കുകളുമായി വലിയ അന്തരത്തിലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിലുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടുന്ന രീതിയിൽ മുന്നിരിപ്പ് കൃത്യമായി കണക്കാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ബജറ്റ് മുന്നൊരുക്കം നടത്തേണ്ടതാണ്. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 മുതൽ 74 വരെ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള എല്ലാ പത്രികകളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 203,747,001/- രൂപയും ചെലവ് 216,284,767/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 12,537,766/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 190,131,853/- രൂപയും ബാധ്യതകളുടെ മൂല്യം 197,743,853/- രൂപയും ജനറൽ ഫണ്ട് -(7,612,613/-) രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. സുസ്ഥിര ആസ്തി സൃഷ്ടിക്കാനല്ലാതെ ആസ്തി സംരക്ഷണത്തിനുള്ള മെയിന്റനൻസ് ഗ്രാന്റിൽ(നോൺ റോഡ്) നിന്നുള്ള 796,765/- രൂപയുടെ ചെലവ് 31/03/2022 ലെ 42100278 നം. ജേർണൽ വൗച്ചർ പ്രകാരം Capital Contribution ആയി അക്കൗണ്ട് ചെയ്തത് വിശദീകരിക്കപ്പെട്ടിട്ടില്ല.
2. ഫണ്ട് ചെലവ് സുസ്ഥിര ആസ്തിയായി അക്കൗണ്ട് ചെയ്യപ്പെടാതെ 3,563,084/- രൂപ ജലനിധി ഫണ്ട് Capital Contribution ആയി ക്രമീകരിച്ചു (31/03/2022 ലെ 42100217 നം. വൗച്ചർ). ക്യാപ്പിറ്റൽ ചെലവുകൾക്ക് ആനുപാതികമായ ഫണ്ടാണ് Capital Contribution ആയി ക്രമീകരിക്കേണ്ടത്.
3. വികസന ഫണ്ടിന്റെ(ജനറൽ,SCSP,TSP) ചെലവ് റവന്യൂ-ക്യാപ്പിറ്റൽ വേർതിരിച്ച് ക്യാപ്പിറ്റൽ ചെലവ് Capital Contribution ആയി അക്കൗണ്ട് ചെയ്തിട്ടില്ല.
4. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് അതാത്

ഗ്രാന്റ് ശീർഷകങ്ങളിൽ വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. ടി ഗ്രാന്റുകളുടെ വനിയോഗം എ.സി.ആർ. സൂക്ഷിച്ച് രേഖപ്പെടുത്തി സെക്രട്ടറി ആധികാരികമാക്കുന്നില്ല.

5. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. 350410101, 350410102, 350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻഞ്ചുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.
7. 350800299-Other Labilities ശീർഷകത്തിൽ 2021-22 വർഷം ലഭിച്ച വരവ് 400,099/- ഏതിനത്തിലുള്ള വരവാണ് എന്ന് വ്യക്തമല്ല. പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യതയായ തുകകളാണോ പ്രസ്തുത ശീർഷകത്തിലുള്ളത് എന്ന് വ്യക്തതയില്ല.
8. സ്റ്റേൽ ചെക്ക് ശീർഷകത്തിലെ തുകയുടെ വിശദാംശവും ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല.
9. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) അക്കൗണ്ട് ചെയ്തിട്ടില്ല.
10. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ വിവിധ പ്രോജക്ടുകൾ തൻവർഷം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും ആകെ RP-36 പ്രകാരം 819,989/- രൂപ മാത്രമാണ് സുസ്ഥിര ആസ്തിയായി 2021-22 വർഷം ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകളുടെ ചെലവുകൾ റവന്യൂ ചെലവുകളായിട്ടാണ് അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇപ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകത മൂലം പഞ്ചായത്തിന്റെ യഥാർത്ഥ ധനകാര്യ സ്ഥിതി (Financal Position) ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.
11. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2021-22 വർഷം ഈ ശീർഷകത്തിൽ നിന്നും തുകയൊന്നും ആസ്തിയായി ക്രമീകരിച്ചിട്ടില്ല. കൃത്യമായ ക്രമീകരണം നടത്താതിരുന്നതിനാലാണ് 31/03/2022 ലെ ബാലൻസ് ഷീറ്റിൽ 44.22 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അവശേഷിക്കുന്നത്.
12. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
13. മുൻവർഷങ്ങളിലെ ആസ്തികളുടെ മൂല്യശോഷണം 280800701-Pror Period-Miscellaneous Expenses ശീർഷകത്തിൽ ക്രമീകരിച്ചതിന്റെ കൃത്യതയും ആധികാരികതയും വ്യക്തമല്ല.
14. വസ്തുനികുതി 4,936/- രൂപ Pror Period ഇനമായി ക്രമീകരിച്ചതിന് അടിസ്ഥാനമായ രേഖകളില്ല.
15. 2021-22 വർഷം ഡിമാന്റ് രജിസ്റ്റർ പ്രകാരം 22,225/- രൂപയായിരുന്ന വാടക ഡിമാന്റ്. 1,250/- രൂപ കോവിഡ് സമയത്തെ വാടക ഇളവ് ഒഴവാക്കിയാണ് 20,975/- രൂപ ഡിമാന്റായി അക്കൗണ്ട് ചെയ്തത്. ഡിമാന്റ് അക്കൗണ്ട് ചെയ്തതിനു ശേഷം ഇളവ് തുക ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. ആയതിനാൽ 1,250/- രൂപ വാടക ഇളവ് വാർഷിക കണക്കുകളിൽ ഇളവ് നൽകിയതായി പ്രതിഫലിക്കുന്നില്ല.
16. ഒരു പ്രത്യേക ഉദ്ദേശ്യത്തിനുള്ള പ്രോജക്ടിലെ വിവിധ ഫണ്ടുകളിൽ നിന്നുള്ള ചെലവ് വ്യത്യസ്ത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടുന്നു(ഉദാ: പ്രോജക്ട് നം.58/22 ആകെ 4,073,716/- രൂപ ചെലവിൽ വികസന ഫണ്ട്, ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് 3,534,483/- രൂപ 251410101 ശീർഷകത്തിലും കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് 539,233/- രൂപ 251410102 ശീർഷകത്തിലും അക്കൗണ്ട് ചെയ്തിരിക്കുന്നു).
17. പ്രോജക്ട് നം.64/22-ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (3ലക്ഷം), 33/22-ആയുർവേദ

ആശുപത്രിക്ക് മരുന്ന് വാങ്ങൽ (12ലക്ഷം) ചെലവുകൾ മെയിന്റനൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. സേവന മേഖലയിൽ ഉൾപ്പെടേണ്ടതായിരുന്ന മരുന്ന് വാങ്ങലുകൾ.

18. പ്രോജക്ട് നം.300/22 അംഗൻവാടികളിൽ ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കൽ ചെലവ് 66,000/- രൂപ ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
19. 440500101-Prepaid Programme Expenses ശീർഷകത്തിൽ 31/03/2022 ലെ നീക്കിയിരിപ്പ് വായ്പ തുകയുമായി പൊരുത്തപ്പെടുന്നില്ല (4,130,684/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു).
20. റോഡുകളുടെയും പാലങ്ങളുടെയും മൂല്യശോഷണം 31/03/2022 ലെ 42100289 നം. ജേർണൽ വൗച്ചർ മുഖേന 161,839/- രൂപ Prior Period ഇനമായി ക്രമീകരിച്ചിരിക്കുന്നു. കണക്ക് ശീർഷകം മാറി മൂല്യശോഷണം അക്കൗണ്ട് ചെയ്തിരിക്കുന്നു.
21. പാറത്തോട് സർവ്വീസ് സഹകരണ ബാങ്കിലുള്ള പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ 27/02/2020 ൽ നിക്ഷേപിച്ച 11,000/- രൂപയുടെ ചെക്ക് (Instrument No.0577581/27.02.2020) 30/11/2022 വരെയും എൻക്യാഷ് ചെയ്തിട്ടില്ല.
22. സർക്കാർ ട്രഷറി അക്കൗണ്ടുകളിൽ നിന്ന് പിൻവലിക്കുകയും റീഫണ്ട് ചെയ്യുകയും ചെയ്യുന്ന റിഡംഷൻ തുക മുൻ വർഷത്തേത് തൻവർഷം ക്രമീകരിച്ചതിലും തൻവർഷം നൽകിയതും അക്കൗണ്ട് ചെയ്തതിൽ ട്രഷറി അക്കൗണ്ടിലെ ഇടപാടുമായി 146,400/- രൂപയുടെ വ്യത്യാസം കാണുന്നു. അക്കൗണ്ടിങ് അപാകത മൂലം റിഡംഷൻ തുകയുടെ നീക്കിയിരിപ്പിലും അപാകത പ്രതിഫലിക്കുന്നു.
23. തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ക്യാഷ് ബുക്ക് പ്രകാരമുള്ളത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ അക്കൗണ്ടിങ് ക്രമീകരണം നടത്തി 2022-23 വർഷം തന്നെ പരിഹരിക്കേണ്ടതാണ്. കണക്കുകൾ കൃത്യമാക്കുന്നതിന് അക്കൗണ്ട് ചെയ്യുന്ന ജേർണൽ വൗച്ചറുകളുടെ വിശദാംശങ്ങൾ അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സെക്രട്ടറി കൃത്യമായി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18,061,678/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 114,057,651/- |
| ആകെ | 132,119,329/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107,926,017/- |
| നീക്കിയിരിപ്പ് | 24,193,312/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 153789/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1262403/- |

## 1-4 ഗ്രാന്റ് വിനിയോഗം

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 22,070,443/- | 22,070,443/- | 21,894,000/- | 176,443/- | 99.20 |
| വികസന ഫണ്ട്- SCSP | 0 | 3,597,738/- | 3,597,738/- | 3,305,000/- | 292,738/- | 91.86 |
| വികസന ഫണ്ട്- TSP | 0 | 984,200/- | 984,200/- | 858,000/- | 126,200/- | 87.18 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 5,347,415/- | 5,347,415/- | 2,962,861/- | 2,384,554/- | 55.41 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 12,189,062/- | 12,189,062/- | 2,943,352/- | 9,245,710/- | 24.15 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 32,147,800/- | 32,147,800/- | 19,855,564/- | 12,292,236/- | 61.76 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 8,360,963/- | 8,360,963/- | 5,206,193/- | 3,154,770/- | 62.27 |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 56,763/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്- General | 21,894,000/- | 176,443/- | 22,070,443/- | 319/22-438,000/-<br>321/22-438,000/-<br>327/22-438,000/-<br>322/22-1,144,000/-<br>325/22-1,166,000/-<br>336/22-1,539,379/-<br>ആകെ-5,163,379/- | 16,907,064/- |
| വികസന ഫണ്ട്- | 3,305,000/- | 292,738/- | 3,597,738/- | 338/22-117,333/-<br>339/22-124,667/- | 3,179,544/- |

| | | | | | |
|---|---|---|---|---|---|
| SCSP | | | | 340/22-176,194/-<br>ആകെ-418,194/- | |
| വികസന ഫണ്ട്-TSP | 858,000/- | 126,200/- | 984,200/- | 341/22-22,000/-<br>342/22-37,093/-<br>ആകെ-59,093/- | 925,107/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 7,743,000/- | 561,200/-<br>56,763/- | 8,360,963/- | ഇല്ല | 8,360,963/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 30,032,000/- | 2,115,800/- | 32,147,800/- | ഇല്ല | 32,147,800/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 4,077,000/- | 1,270,415/- | 5,347,415/- | ഇല്ല | 5,347,415/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 6,115,000/- | 6,074,062/- | 12,189,062/- | ഇല്ല | 12,189,062/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും (ഫെഡറൽ ബാങ്ക് കാഞ്ഞിരപ്പള്ളി ശാഖ അക്കൗണ്ട് നം.10310200016419) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. 2021-22 വർഷത്തെ ഇ-ഗ്രാമസ്വരാജ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ വരവായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 31/03/2022 ലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.
4. മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) ഫണ്ടിന്റെ ക്യാരി ഓവർ വിഹിതം 561,200/- രൂപ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം ലഭിച്ചത് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റായി പ്രതിഫലിച്ചിട്ടില്ല.
5. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിഹിതങ്ങളുടെയും വിനിമയം എ.സി.ആർ. സൂക്ഷിച്ച് രേഖപ്പെടുത്താതിരുന്നതിനാൽ കണക്കുകളിൽ വ്യക്തതയില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണ സമിതിയോഗം 25-01-2021 ലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 02-02-2021 ലും പദ്ധതിരൂപീകരണ ഗ്രാമസഭകൾ 06-02-2021 മുതൽ 12-02-2021 വരെയും നടക്കുകയുണ്ടായി.ഇടക്കുന്നം,പഴുമല പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഊരുകൂട്ട യോഗങ്ങൾ യഥാക്രമം 07-02-21,08-02-21 തീയതികളിൽ നടന്നു.വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 16-02-2021 ലെ വികസനസെമിനാറിൽ

വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി.23-03-2022ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 24-03-2022 തീയതിയിലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.
വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 275 | 209 | 211171325 | 81310420 | 38.5 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത വാർഷികപദ്ധതി വിശദാംശങ്ങൾ സുലേഖ സോഫ്റ്റ് വേറിൽനിന്നുള്ള ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 10 | 2153500 | 912399 |
| 2 | വെറ്ററിനറി സർജൻ | 15 | 15 | 5073500 | 2761500 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 10 | 8 | 4025513 | 2920174 |
| 4 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 300000 |
| 5 | മെഡി.ഓഫീസർ, ആയുർവേദം | 1 | 1 | 1200000 | 1200000 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1 | 2753212 | 584412 |
| 7 | വി.ഇ.ഒ | 34 | 28 | 109224786 | 25919913 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 9948840 | 6398994 |
| 9 | സെക്രട്ടറി | 44 | 29 | 30724870 | 10951525 |
| 10 | അസി.എൻജിനീയർ | 129 | 95 | 41639104 | 26530511 |
| 11 | ഹെഡ് മാസ്റ്റർ | 11 | 6 | 1430500 | 434490 |
| 12 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 |
| 13 | അസി.സെക്രട്ടറി | 7 | 7 | 2397500 | 2096502 |
| | | 275 | 209 | 211171325 | 81310420 |

അംഗീകാരം ലഭിച്ച 275 പ്രോജക്ടുകളിൽ 84 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്.നടപ്പാക്കിയ 209 ൽ 59 എണ്ണവും.സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരം വാങ്ങിയതിൽ 25 എണ്ണം നടപ്പാക്കിയില്ല.അംഗീകാരം നേടുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കാത്തതിൽ നിന്ന് പ്രോജക്ടുകൾ തയാറാക്കുന്നതിലും അംഗീകാരം വാങ്ങുന്നതിലും ശരിയായ ആസൂത്രണമില്ലായ്മയും മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുന്നതിൽ പാളിച്ചകൾ ഉള്ളതായും കാണുന്നു.
13ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ ഉടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ ,സാമൂഹ്യനീതി ,സാമ്പത്തികവളർച്ച എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വാർഷികപദ്ധതി സംസ്ഥാന

സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആർദ്രം,ലൈഫ്,പൊതുവിദ്യാഭ്യാസ സംരക്ഷണം,ഹരിതകേരളം എന്നീ മിഷനുകളുമായി ഏകോപിപ്പിച്ച നടപ്പിലാക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും ആയതിന് പൂർണ്ണ ഫലപ്രാപ്തിയുണ്ടായില്ല. കാലാകാലങ്ങളായി നടപ്പിലാക്കിവരുന്നവയല്ലാതെ വൈവിദ്ധ്യപൂർണ്ണമായ പ്രോജക്ടുകൾ വാർഷികപദ്ധതിയിൽ ഏറ്റെടുത്തിരുന്നില്ല.

വിവിധ നിർവഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകൾ സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പുരോഗതിക്കും, പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ വികസനത്തിനും സഹായകമായിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിലൂൾപ്പെടെ എല്ലാ പ്രോജക്ടുകളും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കിയില്ല. പ്രോജക്ടുകളുടെ നിർവഹണത്തിൽ ശരിയായ മോണിട്ടറിംഗ് ഉണ്ടായില്ല. കോവിഡ്, വെള്ളപ്പൊക്കം എന്നിവ മൂലമുണ്ടായ ദുരിതങ്ങൾ നേരിടേണ്ടി വന്നതും വാർഷിക പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ പദ്ധതികൾ ഇനിയും ഉണ്ടാവണം. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 249പ്രോജക്ടുകളിൽ 243 എണ്ണവും തൻവർഷം നടപ്പിലാക്കി. 84671തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1425 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോട് ആഴം കൂട്ടൽ, ഇടക്കയ്യാല നിർമ്മാണം തടയണകളുടെ നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 1000.59 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 37110852 | |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 8148 | |
| | തനത് ഫണ്ടിൽ നിന്നും മുൻകൂർ | 1312750 | |
| ആകെ വരവ് | | | 38432750.59 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 25507245 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം, സാധന വില | 10641526 | |
| | ഉപകരണങ്ങളുടെ വില, വാടക ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1312750 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക മിഷൻ തിരിച്ചടവ് | 579439 | |

| | |
|---|---|
| ആകെ ചെലവ് | 38040960 |
| നീക്കിയിരിപ്പ് | 391790.59 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2021-22 വർഷം പാറത്തോട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | - |
| വാർദ്ധക്യകാലപെൻഷൻ | 50,540,800/- | 3386 |
| കർഷകതൊഴിലാളി പെൻഷൻ | 5,080,600/- | 293 |
| വിധവാപെൻഷൻ | 14,346,200/- | 897 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 761,600/- | 48 |
| വികലാംഗപെൻഷൻ | 6,150,600/- | 361 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180,000/- | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി പാറത്തോട് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 07/01/2023 തീയതിയിൽ 11:40 AM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 1,830/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. പഞ്ചായത്തിൽ നിന്ന് 2017 വർഷം മോഷണം പോയ 10,624/- രൂപ ക്രമീകരിക്കാത്തതിനാൽ ടി വ്യത്യാസം ക്യാഷ് ബാലൻസിൽ നിലനിൽക്കുന്നു.

## 1-9 ആഭ്യന്തരനിയന്ത്രണം

കാര്യക്ഷമമായ ജോലി വിഭജനം, പേറോൾ നിയന്ത്രണം, ഡബിൾ എൻട്രി അക്കൗണ്ടിംഗ് എന്നിവ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രത്യേക ഉദ്ദേശ്യഗ്രാന്റുകളുടെ എ.സി.ആർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.ഹാർഡ് വേർ രജിസ്റ്റർ,ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് വിതരണ രജിസ്റ്റർ എന്നിവയിൽ വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തി മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഒപ്പുവയ്ക്കുന്നില്ല. പഞ്ചായത്തിലെ ജനറേറ്ററിന് വേണ്ടി നിശ്ചിത ഇടവേളകളിൽ ഡീസൽ വാങ്ങുന്നുവെങ്കിലും ഇന്ധനരജിസ്റ്റർ സൂക്ഷിച്ച് ചെലവ് ക്രമീകരിക്കുന്നില്ല. തെരുവ് വിളക്കുകളുടെ ഉൾപ്പെടെ കറന്റ് ചാർജിനൊപ്പം സർചാർജ് അടയ്ക്കുന്ന സാഹചര്യം നിലനില്ക്കുന്നു. വസ്തുനികുതിയിൽ വലിയ കുടിശിക നിലനില്ക്കുന്നത് നികുതി പിരിവ് കാര്യക്ഷമല്ലയെന്ന് വ്യക്തമാക്കുന്നു. വാർഷികപദ്ധതി നിർവഹണപ്രക്രിയകളിൽ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പരസ്പര ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/07/2022 – 19/07/2022 | 01/2022 മുതൽ 03/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31/10/2017 മുതൽ 08/11/2017 വരെ. | 2012-13 മുതൽ 2016-17 വരെ | 14/10/2017 |

## 1-11 2017 വർഷം മോഷണം പോയ 10,634/- രൂപ സസ്പൻസ് ശീർഷകത്തിൽ ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം 08/02/2017 ലെ ക്യാഷ് കളക്ഷൻ 10,634/- രൂപ മോഷണം നടന്നിരുന്നു. ഈ വിഷയത്തിലുള്ള ഫയൽ നം.A5-979/17 പരിശോധിച്ചതിൽ നിന്നും കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രം നം.200/2017 കേസ് നിലനിന്നിരുന്നതായി കാണുന്നു. നിലവിൽ കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിൽ നിന്നും 14/10/2022 ലെ 610/TDR/21 KPLY നം. കത്തിൽ മോഷണം സംബന്ധിച്ച പ്രതിയെ കണ്ടെത്താൻ സാധിച്ചില്ല എന്നും കേസ് "UNDETECTED" ആയതായി കോടതിയിൽ റിപ്പോർട്ട് ചെയ്തവിവരം പഞ്ചായത്തിനെ അറിയിച്ചു.

മോഷണം പോയ തുക 10,634/- രൂപ നിലവിലും ക്യാഷ് ബാലൻസിൽ നിലനിർത്തിയിരിക്കുകയായിരുന്നു. ടി തുക റിസീവബിൾ സസ്പൻസ്(Receivable Suspense) കണക്ക് ശീർഷകത്തിലേക്ക് ജേർണൽ വൗച്ചർ മുഖേന സെക്രട്ടറി കൃത്യമായ നടപടിക്രമം തയ്യാറാക്കി അക്കൗണ്ട് ചെയ്ത് ക്യാഷ് നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതാണ്. തുക തിരികെ ലഭിക്കില്ലെന്ന് ഉറപ്പാക്കിയതിനാൽ പോലീസ് സ്റ്റേഷനിൽ നിന്നുള്ള മേൽ കത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിലെ സസ്പൻസ് തുക എഴുതിത്തള്ളുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് ഭരണസമിതി തീരുമാനം ഉൾപ്പടെ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേക്ക് ആവശ്യപ്പെടാവുന്നതാണ്. നടപടികൾ പൂർത്തിയാക്കി സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് സസ്പൻസ് തുക എഴുതിത്തള്ളേണ്ടതാണ്(Write-Off). ഈ വിഷയത്തിലെ എല്ലാ നടപടികളും പൂർത്തിയാക്കി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പ് ഉൾപ്പടെ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് കണക്കുകൾ എ.സി.ആർ. സൂക്ഷിക്കുന്നില്ല-കണക്കുകളിൽ അവ്യക്തത

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം ഉൾപ്പടെ 13 ഇനം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിലുള്ളതായി കാണുന്നു. പ്രസ്തുത ഫണ്ടുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിക്കുന്നില്ല. ഐ.സി.ഡി.എസ്., ശുചിത്വ മിഷൻ തുടങ്ങിയ ഫണ്ടുകൾക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ടും സൂക്ഷിക്കുന്നില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം ഇപ്രകാരമുള്ള ഫണ്ടുകളുടെ വിനിയോഗം കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും എ.സി.ആർ. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു.

സുലേഖ ചെലവ് പത്രിക പ്രകാരം 2021-22 ലെ വിവിധ പ്രോജക്ടുകൾക്കായി പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളിലെ കേന്ദ്രാവിഷ്കൃത വിഹിതം 2,687,397/- രൂപയും സംസ്ഥാനാവിഷ്കൃത വിഹിതം 2,461,200/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി ചെലവുകൾ ഏതെല്ലാം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ നിന്നാണ് എന്നത് വ്യക്തമല്ല. പ്രോജക്ട് നം.58/22 പ്രകാരമുള്ള 539,233/-യുടെ ചെലവ് മാത്രമാണ് ഐ.സി.ഡി.എസ്. ഫണ്ടിൽ നിന്ന് ബാധ്യത ഒഴിവാക്കി ജേർണൽ വൗച്ചർ മുഖേന അക്കൗണ്ട് ചെയ്തിട്ടുള്ളത്. മറ്റ് ഫണ്ടുകളുടെ ചെലവ് തുക ജേർണൽ വൗച്ചർ മുഖേന ബാധ്യത ഒഴിവാക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

പ്രോജക്ടുകളിലൂടെ അല്ലാതെ ചെലവഴിക്കുന്ന (ജലനിധി) ഗ്രാന്റിന്റെ കണക്കുകളും സൂക്ഷിച്ചിട്ടില്ല.

എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ ഗ്രാന്റുകളുടെ മുന്നിരിപ്പ് വിശദാംശം(ഉദ്ദേശ്യം,പ്രോജക്ട്,ലഭിച്ച വർഷം) ലഭ്യമല്ല. മേൽപറഞ്ഞ ചട്ടങ്ങൾ പ്രകാരം കൃത്യമായ രേഖകൾ സൂക്ഷിക്കാതെയും സാക്ഷ്യപ്പെടുത്താതെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗം നടത്തിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.11/2021-22/10.01.2023) നൽകിയതിന് എ.സി.ആർ. തയ്യാറാക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. പഞ്ചായത്തിലെ എല്ലാ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ 2021-22 എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. വാർഷിക കണക്കുകളിലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരുപ്പുകൾ മുൻവർഷങ്ങളിലേതുൾപ്പടെ പ്രോജക്ട്/പ്രോജക്ടിതര ചെലവുകൾക്ക് ആനുപാതികമായി ക്രമീകരിക്കേണ്ടതാണ്. അക്കൗണ്ടിങ്ങ് ക്രമീകരണം സംബന്ധിച്ച ജേർണൽ വൗച്ചറുകളുടെ വിശദാംശം എ.സി.ആർ.-ൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അക്കൗണ്ടിങ്ങ് നടപടികൾ പൂർത്തിയാക്കിയശേഷം എ.സി.ആറും കൃത്യമാക്കി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് ഫണ്ടിലുള്ള ജില്ല-ബ്ലോക്ക് വിഹിതങ്ങൾ-വിനിയോഗത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പ്രോജക്ട് ഫണ്ട് മുൻവർഷങ്ങളിൽ ലഭിച്ച തുക തൻവർഷം സ്പിൽ ഓവറായി ചെലവഴിച്ചത് അക്കൗണ്ട് ചെയ്തതിൽ അപാകത നിലനിൽക്കുന്നതായി കാണുന്നു. 01/04/2021-ൽ മുന്നിരിപ്പായി ഉണ്ടായിരുന്ന ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| സംയുക്ത പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് (ക്യാപ്പിറ്റൽ) | 12,945/- |
| സംയുക്ത പ്രോജക്ട് ജില്ല പഞ്ചായത്ത് (ക്യാപ്പിറ്റൽ) | 2,800,000/- |
| സംയുക്ത പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത്(റവന്യൂ) | 172,595/- |
| സംയുക്ത പ്രോജക്ട് ജില്ല പഞ്ചായത്ത്(റവന്യൂ) | 200,000/- |
| പ്രത്യേക ഉദ്ദേശ്യം ബ്ലോക്ക് പഞ്ചായത്ത് (ക്യാപ്പിറ്റൽ) | 1,240,000/- |
| പ്രത്യേക ഉദ്ദേശ്യം ജില്ല പഞ്ചായത്ത് (റവന്യൂ) | 130,000/- |
| ആകെ | 4,555,540/- |

വാർഷിക കണക്കുകൾ പ്രകാരം 45.56 ലക്ഷം രൂപ മുന്നിരിപ്പുള്ളത് (ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ) അക്കൗണ്ടിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം മേൽപറഞ്ഞ ഫണ്ടുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി ഫണ്ടുകളുടെ മുന്നിരിപ്പിന്റെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

2021-22 വർഷം സ്പിൽ ഓവർ പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപയും(പ്രോജക്ട് നം.233/22) ബ്ലോക്ക് പഞ്ചായത്ത് വിഹിതം 515,651/- രൂപയും(പ്രോജക്ട് നം.292/22,235/22) പഞ്ചായത്ത് ഫണ്ടിലുണ്ടായിരുന്ന ജില്ല-ബ്ലോക്ക് വിഹിതത്തിൽ നിന്ന് ചെലവഴിച്ചതായി സുലേഖ ചെലവ് പത്രികയിൽ കാണുന്നു. ടി തുകകൾ ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാന്റുകളിലെ ബാധ്യതയിൽ ജേർണൽ വൗച്ചറിലൂടെ കുറവ് ചെയ്ത് അക്കൗണ്ട് ചെയ്തിട്ടില്ല.

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായ ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ കണക്ക് സൂക്ഷിക്കാതിരുന്നതിനും പ്രോജക്ട് ചെലവിന് അനുസൃതമായി കൃത്യമായ അക്കൗണ്ടിങ്ങ് നടത്താതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/2021-22/10.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. പഞ്ചായത്തിലെ എല്ലാ ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെയും മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ 2021-22 എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. വാർഷിക കണക്കുകളിലെ ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ

നീക്കിയിരുപ്പുകൾ 2021-22 വർഷത്തെയും മുൻവർഷങ്ങളിലേതും ഉൾപ്പടെ പ്രോജക്ട് ചെലവുകൾക്ക് ആനുപാതികമായി ക്രമീകരിക്കേണ്ടതാണ്. ക്രമീകരണം സംബന്ധിച്ച ജേർണൽ വൗച്ചറുകളുടെ വിശദാംശം എ.സി.ആർ.-ൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അക്കൗണ്ടിങ്ങ് നടപടികൾ പൂർത്തിയാക്കി എ.സി.ആറിൽ രേഖപ്പെടുത്തി പ്രസ്തുത വിഷയത്തിലെ എല്ലാ രേഖകളും ഉൾപ്പടെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-14 KURDFC വായ്പ തുകയിൽ 24 ലക്ഷം രൂപയുടെ ബാധ്യത അനധികൃതമായി ഒഴിവാക്കി

പഞ്ചായത്തിന്റെ KURDFC വായ്പയിനത്തിൽ 2021-22 വർഷം മുന്നിരിപ്പ് 31,967,972/- രൂപയായിരുന്നു. തൻവർഷം 28.6 ലക്ഷം രൂപ വായ്പയെടുത്തിട്ടുണ്ട്. പഞ്ചായത്തിന്റെ വികസനഫണ്ട് അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്താണ് വായ്പ തിരിച്ചടവ് നടത്തുന്നത്. വികസന ഫണ്ടിൽ ക്രമീകരിച്ച വായ്പ തിരിച്ചടവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അലോട്ട്മെന്റ് ഉത്തരവ് | ജനറൽ | SCSP | TSP | ആകെ |
|---|---|---|---|---|
| സ.ഉ.(സാധാ) നം.3367/2021/ധന തീയതി 07/04/2021 | 1,144,000/- | 117,333/- | 0 | 1,261,333/- |
| സ.ഉ.(സാധാ) നം.5206/2021/ധന തീയതി 30/07/2021 | 1,166,000/- | 124,667/- | 22,000/- | 1,312,667/- |
| സ.ഉ.(സാധാ) നം.22/2022/ധന തീയതി 01/01/2022 | 1,539,379/- | 176,194/- | 37,093/- | 1,752,666/- |
| ആകെ | 3,849,379/- | 418,194/- | 59,093/- | 4,326,666/- |

തൻവർഷ മുന്നിരിപ്പും എടുത്ത വായ്പയും ഉൾപ്പടെ 34,827,972/- രൂപ വായ്പയിൽ മേൽപട്ടിക പ്രകാരമുള്ള 4,326,666/- രൂപ തിരിച്ചടവ് മാത്രമാണുള്ളത്. തിരിച്ചടവിന് ശേഷം 30,501,306/- രൂപയായിരുന്ന വായ്പ ബാധ്യതയായി 31/03/2022 ബാലൻസ് ഷീറ്റിൽ നിലനിൽക്കേണ്ടത്. എന്നാൽ 2021-22 വർഷം 08/07/2021 ൽ 42100040, 42100041 ജേർണൽ വൗച്ചറുകൾ മുഖാന്തിരം 24 ലക്ഷം രൂപയുടെ വായ്പ ബാധ്യത ഒഴിവാക്കിയതായി കാണുന്നു. വായ്പയുടെ കണക്കുകൾ ക്രോഡീകരിച്ച് വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നതിനാൽ വായ്പ ഇടപാടുകളുടെയും കണക്കുകളുടെയും ആധികാരികതയും വ്യക്തമല്ല.

വായ്പ കണക്കുകളിലെ അപാകതയ്ക്കും വായ്പ രജിസ്റ്റർ സൂക്ഷിക്കാതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/2021-22/10.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. വായ്പ എടുക്കാൻ ആരംഭിച്ചതുമുതലുള്ള കണക്കുകൾ സാമ്പത്തിക വർഷം തിരിച്ച് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. വായ്പ ശീർഷകത്തിലെ നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

പഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 18.29 ലക്ഷം രൂപയുടെ നിക്ഷേപങ്ങൾ പഞ്ചായത്തിന് ബാധ്യതയായി അവശേഷിക്കുന്നുണ്ട്. 2021-22 ലെ നിക്ഷേപ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വിവിധ ഇനങ്ങളിലുള്ള നിക്ഷേപങ്ങളിൽ 2014 വർഷം മുതലുള്ള

നിക്ഷേപങ്ങൾ അവശേഷിക്കുന്നതായി കാണുന്നു. നിക്ഷേപങ്ങൾ റീഫണ്ട് ചെയ്യാത്തത് ക്യാരി ഓവർ ചെയ്ത് തൻവർഷത്തെ മുന്നിരിപ്പ് വിശദാംശത്തിൽ നിക്ഷേപ തുകയുടെ ഉദ്ദേശ്യം, പ്രോജക്ട് പൂർത്തീകരണ തീയതി തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. പ്രോജക്ട് പൂർത്തീകരണത്തിനു ശേഷം മൂന്നു വർഷത്തിലധികരിച്ച നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരുന്നതിനാലാണ് 18 ലക്ഷത്തിലധികം തുക നിക്ഷേപമിനത്തിൽ പഞ്ചായത്തിന് ബാധ്യതയായത്. നിക്ഷേപങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.15/2021-22/12.01.2023) നൽകിയതിന് മറുപടിയിൽ 2023 ജനുവരി മാസം നടക്കുന്ന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും വിഷയം ഉന്നയിച്ച് നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതാണ് എന്ന് അറിയിച്ചു. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടി വിശദാംശം അറിയിക്കേണ്ടതാണ്. തുക മുതൽക്കൂട്ടുന്നതിന്റെ വിശദാംശം ഡെപോസിറ്റ് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 1-16 നിക്ഷേപ പ്രവൃത്തികൾ-തുടർ നിരീക്ഷണങ്ങൾ നടത്തുന്നില്ല

31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 45.81 ലക്ഷം രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചത് ചെലവഴിക്കാൻ അവശേഷിക്കുന്നു. പഞ്ചായത്തിലെ മുൻകൂർ രജിസ്റ്റർ പ്രകാരം ഏജൻസികളിൽ നിലനിൽക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഏജൻസി | നിക്ഷേപ തുക |
|---|---|
| ജല അതോറിറ്റി | 96,000/- |
| കെ.എസ്.ഇ.ബി. | 1,700,187/- |
| ഭൂജല വകുപ്പ് | 761,000/- |
| ജില്ല ആരോഗ്യ കുടുബക്ഷേമ വകുപ്പ് | 2,000,000/- |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 24,000/- |
| ആകെ | 4,581,187/- |

വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുക വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾക്കായിചെലവഴിച്ച് പൂർത്തിയാക്കിയതിന്റെ വിവരം സംബന്ധിച്ച് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. കെ.എസ്.ഇ.ബി. യിലുള്ള 17 ലക്ഷം രൂപയിൽ ഭൂരിഭാഗം തുകയും നിക്ഷേപിച്ച ശേഷം 31/03/2022 ൽ നാലു വർഷങ്ങൾ കഴിഞ്ഞതായും മുൻകൂർ രജിസ്റ്ററിൽ കാണുന്നു. കൂടാതെ പ്രോജക്ട് നം.272/22 പ്രകാരം ഭൂജല വകുപ്പിൽ നിക്ഷേപിച്ച 4.05 ലക്ഷം രൂപ നിക്ഷേപമായി അക്കൗണ്ട് ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികളിലെ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.16/2021-22/12.10.2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഈ വിഷയത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച സ്ഥലപരിശോധന നടത്തേണ്ടതാണ്. പൂർത്തിയായവയുടെ വിനിയോഗവിശദാംശം ലഭ്യമാക്കി ക്രമീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. 2021-22 വർഷത്തെ അക്കൗണ്ടിങ്ങ് അപാകതയും പരിഹരിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി ഇളവ് വിശദാംശങ്ങൾ ലഭ്യമല്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെപറയുന്ന കെട്ടിടങ്ങളെ നികുതി / ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നല്കിയതിന് കാരണം വ്യക്തമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | കെട്ടിട ഉടമ | വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഡയറകൂർ,ക്യാൻസർ ശുശ്രൂഷാ സെന്റർ | 2 | 435 |
| 2 | പി കെ എം എസ് , വേങ്ങന്താനം | 2 | 642 |
| 3 | ക്ലാരീസ് കോൺവെന്റ്, | 3 | 432 |
| 4 | | 3 | 428 |
| 5 | പ്രസിഡന്റ് ,പാലപ്ര ഗ്രാമവികസന സമിതി | 3 | 456A |
| 6 | മാത്യു കെറ്റി , കണ്ണമുണ്ടയിൽ | 3 | 538 |
| 7 | ട്രസ്റ്റി ഗ്രേസി മെമ്മോറിയൽ ചർച്ച് | 6 | 453 |
| 8 | പ്രസിഡന്റ് NSS കരയോഗം | 7 | 235 |
| 9 | സെക്രട്ടറി ,മുസ്ളീം ജമാഅത്ത് | 9 | 372 |
| 10 | വാട്ടർ അതോറിറ്റി | 10 | 377 |
| 11 | വാട്ടർ അതോറിറ്റി | 11 | 251 |
| 12 | മദർ സുപ്പീരിയർ | 17 | 598 |

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ച് നികുതി ഒഴിവാക്കാനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.21/2021-22 /12.01.2023) മറുപടി നല്കിയില്ല. നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ച് അനർഹരായവർ നികുതി ഇളവ് വാങ്ങുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-18 600 ചതുരശ്രഅടിയിൽ കുറഞ്ഞ കെട്ടിടങ്ങൾക്ക് നികുതി ഇളവ്-സത്യവാങ്മൂലം ഹാജരാക്കുന്നില്ല

ജി ഒ പി 358/2015 പ്രകാരം 600 ച അടി വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടമാണെന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് നല്കാവുന്നതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 19 വാർഡുകളിലായി സത്യവാങ്മൂലം സമർപ്പിക്കാത്ത 55 കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നല്കിയിട്ടുള്ളതായി കാണുന്നു.ഇതുസംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.21/2021-22/12.01.2023) മറുപടി നല്കിയില്ല. വിശദാംശങ്ങൾ പരിശോധിച്ച് സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നികുതി ഇളവ് നല്കിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-19 62,730/- രൂപ സ്ഥാപന/ട്രേഡർ തൊഴിൽ നികുതി കുടിശികയുടെ വിശദാംശമില്ല

പഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 2021-22 വർഷത്തിനു മുൻപുള്ള വർഷങ്ങളിലെ തൊഴിൽ നികുതി കുടിശികയിനത്തിൽ 62,730/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാൻ അവശേഷിക്കുന്നു. എന്നാൽ ടി നികുതി തുക ഏത് കാലയളവിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഒടുക്കാനുള്ളത് എന്നതിന്റെ വിശദാംശങ്ങൾ ചേർത്ത് കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2021-22 വർഷത്തിനു മുൻപുള്ള നികുതി പൂർണ്ണമായും ഒടുക്കാതെ 2021-22 വർഷത്തെ നികുതി പൂർണമായും പിരിച്ചു എന്നതാണ് ധനകാര്യ പത്രികയിൽ കാണുന്നത്. നികുതി കുടിശിക ഒടുക്കാതെ സ്ഥാപനങ്ങൾ തൻവർഷം നികുതി ഒടുക്കിയത് എപ്രകാരമാണ് എന്നത് വ്യക്തമല്ല.

കുടിശിക ഡിമാന്റ് വിശദാംശങ്ങൾ സൂക്ഷിക്കാതെ നികുതി കുടിശിക ഈടാക്കാൻ സാധിക്കില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ പഞ്ചായത്ത് ഫണ്ടിന് 62,730/- രൂപ നികുതി നഷ്ടപ്പെടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.24/2021-22/13.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. തൊഴിൽ നികുതി കുടിശികയാക്കിയ സ്ഥാപനങ്ങളെയും കുടിശിക കാലയളവും കണ്ടെത്തി കുടിശിക ഡിമാന്റ് രജിസ്റ്റർ

തയ്യാറാക്കേണ്ടതാണ്. കുടിശിക നികുതി 62,730/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ ശേഷം ഒടുക്കിന്റെ വിവരം കുടിശിക ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട രസീതുകളുടെ പകർപ്പ് ഉൾപ്പടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കി

പഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റിലുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ ഒഴിവാക്കിയതായി കാണുന്നു. പഞ്ചായത്ത് ലഭ്യമാക്കിയ 2021-22 ഡി.സി.ബി. പത്രിക, സ്ഥാപന ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി ഒടുക്കാതെ ഡിമാന്റിൽ നിന്ന് ഒഴിവായ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഡിമാന്റ് ചെയ്ത തുക | ഈടാക്കേണ്ട തുക | ഡിമാന്റിലെ കുറവ് |
|---|---|---|---|
| പാറത്തോട് സർവ്വീസ് സഹകരണ ബാങ്ക്(4 ശാഖ) | 5,000/- | 10,000/- | 5,000/- |
| സെന്റ് ആന്റണീസ് പബ്ളിക് സ്കൂൾ, പാറത്തോട് | 1,250/- | 2,500/- | 1,250/- |
| കാത്തലിക് സിറിയൻ ബാങ്ക്, പാറത്തോട് | 1,250/- | 2,500/- | 1,250/- |
| മുളമൂട്ടിൽ ഫിനാൻസ്,ഇടക്കുന്നം | ഇല്ല | 2,500/- | 2,500/- |
| ഹോളി ക്രോസ് ഹോസ്പിറ്റൽ & മെന്റൽ ഹെൽത്ത് സെന്റർ | ഇല്ല | 2,500/- | 2,500/- |
| ടഫ്കോ ഇന്റർനാഷണൽ | ഇല്ല | 2,500/- | 2,500/- |
| ഹൈറേഞ്ച് ഫിനാൻസിയേഴ്സ് | ഇല്ല | 2,500/- | 2,500/- |
| ആകെ | 7,500/- | 25,000/- | 17,500/- |

2021-22 വർഷത്തെ ധനകാര്യ പത്രിക 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷ തൊഴിൽ നികുതി(സ്ഥാപനങ്ങൾ/ട്രേഡർ) ശീർഷകത്തിൽ നീക്കിയിരിപ്പ് ഇല്ല. പഞ്ചായത്തിന്റെ സ്ഥാപന ലിസ്റ്റിലുള്ള മേൽ സ്ഥാപനങ്ങളുടെ 2021-22 തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന്റെ ആധികാരികത വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റിലെ അപാകത മൂലം തനത് വരുമാനമായി ലഭിക്കേണ്ട 17,500/- രൂപ നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.22/2021-22/13.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 2021-22 വർഷം തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയ നികുതി 17,500/- രൂപ കുടിശിക ഡിമാന്റായി ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്. 2021-22 നികുതി അടവാക്കിയ ശേഷം രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അനുബന്ധരേഖകളും മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

1-21 തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ

തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 വർഷം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | ജന്നത്ത് ഹോമിയോ ക്ലിനിക്, പാറത്തോട് |
| 2. | ഗ്രേസ് ഡെന്റൽ ക്ലിനിക്, പാറത്തോട് |
| 3. | ഹിൽ ഹൗസ് 1945 ഹോം സ്റ്റേ, ഇടക്കുന്നം |
| 4. | സെന്റ് മേരീസ് ഓഡിറ്റോറിയം, പൊടിമറ്റം |
| 5. | Legere Technologies Pvt. Limited, ചോറ്റി |
| 6. | I Do Tours & Travels, ചോറ്റി |
| 7. | Garuda Tours & Travels, ചോറ്റി |

സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് നികുതി വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.23/2021-22/13.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽവിവരിച്ച സ്ഥാപനങ്ങളെ 2021-22 മുതലുള്ള തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങൾ 2021-22 നികുതി അടവാക്കിയ ശേഷം രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഡിമാന്റ് വിശദാംശം എന്നിവയുൾപ്പടെ മറുപടി നൽകേണ്ടതാണ്.

1-22 ആഞ്ഞിലി തടിലേലം-GST,FDT അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ചിറ്റടി പ്രദേശത്തുള്ള ആഞ്ഞിലിമരം 26/11/2021 തീയതിയിൽ ലേലം ചെയ്തത് ശ്രീ കെ.എം. ജോർജ്, കല്ലമ്മാക്കൽ, ചിറ്റടി എന്ന വ്യക്തി 15,100/- രൂപയ്ക്ക് ലേലം കൊണ്ടതായി ഫയലിൽ കാണുന്നു. 12/01/2022 ലെ 18(1) നം. കമ്മിറ്റി തീരുമാനത്തിൽ ലേലം അംഗീകരിച്ചു. എന്നാൽ ലേലം കൊണ്ട വ്യക്തി ലേല തുകയിൽ 15,000/- രൂപ മാത്രമാണ് ഒടുക്കിയത്.( 20/12/2021 ലെ 121070103246 നം. രസീത് പ്രകാരം ഒടുക്കിയത്.) ലേലത്തുക 100/- രൂപ, GST ഇനത്തിൽ 2,718/- രൂപ FDT ഇനത്തിൽ 891/- രൂപയും ഉൾപ്പടെ 3,709/- രൂപ അടവാക്കാൻ അവശേഷിക്കുന്നു. തടിക്ക് കേടുപാടുള്ളതിനാൽ GST ഉൾപ്പടെയുള്ള തുക അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ ലേലം കൊണ്ട വ്യക്തി പഞ്ചായത്തിലേക്ക് അപേക്ഷ നൽകിയതായും ഫയലിൽ കാണുന്നു.

നിബന്ധനകൾ പ്രകാരം ലേലത്തിൽ പങ്കെടുത്ത് ലേലം കൊണ്ടതിന് ശേഷം സർക്കാരിലേക്കുള്ള GST, വനം വകുപ്പിലേക്കുള്ള FDT എന്നിവ ഒടുക്കാതിരുന്നത് അംഗീകരിക്കാവുന്നതല്ല. ടി വ്യക്തിയുടെ Auction Deposit തുക 500/- രൂപ പഞ്ചായത്ത് ഫണ്ടിലുള്ളത്(26/11/2021 ലെ 121070102388 രസീത് പ്രകാരം ഒടുക്കിയത്) ടിയാൾ ഒടുക്കാനുള്ള തുകയിലേക്ക് മുതൽക്കൂട്ടിയതായും കാണുന്നില്ല. ഇപ്രകാരം GST,FDT അടവാക്കാതിരുന്നതിനും കുത്തകക്കാരന്റെ പേരിൽ പഞ്ചായത്ത് ഫണ്ടിലുള്ള തുക നിശ്ചിത ശീർഷകങ്ങളിലേക്ക് മുതൽക്കൂട്ടാതിരുന്നതും ലേല നടപടികളിലെ അപാകതയാണ്. ഈ വിഷയത്തിൽ രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/2021-22/10.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ Auction Deposit തുക 100/- രൂപ ലേല വരവ്, ബാക്കി 400/- രൂപ മറ്റ് GST ഇനങ്ങളിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ആഞ്ഞിലിമരം ലേല ഇടപാടിന്റെ GST 2,718/- രൂപയും (SGST-1,359/- & CGST-1,359/-) FDT 891/- രൂപയും ഉൾപ്പടെ 3,609/- രൂപയിൽ 400/- രൂപ മുതൽക്കൂട്ടിയും ബാക്കി തുക അടവാക്കിയും രേഖകൾ ഹാജരാക്കേണ്ടതാണ്. ടി തുകകൾ മുതൽക്കൂട്ടൽ/അടവാക്കൽ നടത്തിയ ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് നിശ്ചിത ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

1-23 IFTEOS ലൈസൻസ്- രേഖകൾ സൂക്ഷിപ്പിൽ അപാകതകൾ

പഞ്ചായത്ത് 2021-22 ലൈസൻസ് IFTEOS രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം

രേഖകളുടെ സൂക്ഷിപ്പിലും അക്കൗണ്ടിങ്ങിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് എങ്കിലും വാർഡ് അടിസ്ഥാനത്തിലുള്ള 2021-22 ഡിമാന്റ് രജിസ്റ്ററും ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല.
2. 2021-22 ലൈസൻസ് രജിസ്റ്റർ പ്രകാരം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡിമാന്റ് തുക 231,960/- രൂപയാണ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് 429,060/- രൂപയാണ്.
3. ലൈസൻസ് തുക മുൻകൂർ ലഭിച്ചത് 2021-22 വർഷം ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല. കൃത്യമായ കണക്കുകളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് ഏതെല്ലാം സ്ഥാപനങ്ങളാണ് ഒടുക്കിയത് എന്നതിൽ വ്യക്തതയില്ല.
4. 2021-22 വർഷം 29,445/- രൂപ മെഷീനറി റണ്ണിങ്ങ് ഫീസ് ലഭിച്ചതായി കാണുന്നു. എന്നാൽ ഏതെല്ലാം സ്ഥാപനങ്ങളാണ് തുക ഒടുക്കിയത് എന്നുള്ള കണക്ക് ലൈസൻസ് രജിസ്റ്ററിൽ ക്രോഡീകരിച്ചിട്ടില്ല.
5. 2021-22 വർഷം 3,390/- രൂപ മെഷീനറി ഇൻസ്റ്റലേഷൻ ഫീസ് ലഭിച്ചതായി കാണുന്നു. ഏത് സ്ഥാപനമാണ് മെഷീനറി ഇൻസ്റ്റാൾ ചെയ്തത് എന്ന് ലൈസൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ലൈസൻസ് നടപടികളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാതിരുന്നതിനാൽ നടപടികളുടെ കൃത്യതയും ഫീസ് കണക്കുകളുടെ ആധികാരികതയും വ്യക്തമല്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.25/2021-22/13.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. ലൈസൻസ് സംബന്ധിച്ച 2021-22 ഡിമാന്റ് രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് ഡി.സി.ബി. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ട്രേഡർ തൊഴിൽ നികുതി ഡി.സി.ബി., മെഷീനറി ഫീസ് തുടങ്ങിയവയുടെയും കണക്കുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രേഖകളെല്ലാം കൃത്യമാക്കി ഡി.സി.ബി., കണക്കുകളുടെ സംക്ഷിപ്തം എന്നിവ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-24 കമ്പ്യൂട്ടർ രസീതുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങിയ സാംഖ്യ കമ്പ്യൂട്ടർ രസീതുകൾ ക്യാഷ് രസീതും കമ്പ്യൂട്ടർ രസീതും ഉപയോഗിക്കാതെ സ്റ്റോക്കിൽ അവശേഷിക്കുന്നു. 31/03/2022 വരെ സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്ത് നൽകിയതിന് ശേഷം 01/04/2022 പ്രാബല്യത്തിൽ ILGMS ആരംഭിച്ചതിനാൽ ഡിജിറ്റൽ രസീതുകളായതിനാൽ ക്യാഷ് രസീതും കൈപ്പറ്റ് രസീതും എ4-പേപ്പറിൽ പ്രിന്റ് ചെയ്താണ് നൽകുന്നത്. പഞ്ചായത്ത് സ്റ്റോക്കിൽ അവശേഷിക്കുന്ന കമ്പ്യൂട്ടർ രസീതുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് ഇനം | സ്റ്റേഷനറി നംപർ | എണ്ണം | ആകെ |
|---|---|---|---|
| ക്യാഷ് രസീത് (പിങ്ക് നിറം) | 3232252-3537000 | 4749 | 4749 |
| കൈപ്പറ്റ് രസീത് (നീല നിറം) | 2794596-2799000 | 4405 | 4405 |

പഞ്ചായത്ത് തനത് ഫണ്ട് ചെലവഴിച്ച് വാങ്ങിയ ശേഷം അവശേഷിക്കുന്ന സ്റ്റോക്കിലുള്ള രസീതുകൾ തിരികെ നൽകുന്നതും ചെലവഴിച്ച തുകയുടെ ക്രമീകരണം സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടികൾ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജനറൽ മാനേജർ-ഗ്രാമലക്ഷ്മി മുദ്രാലയം എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർഫീസ് പഞ്ചായത്തിന് ലഭിക്കുന്നില്ല

2016-17 മുതൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറുകാരനെ ഇ-ടെണ്ടർ മുഖാന്തിരമാണ് തെരഞ്ഞെടുക്കുന്നത്. ഇ-ടെണ്ടറിൽ, ടെണ്ടർ ഫീസ് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് ചേർക്കുന്നത്.ടെണ്ടർ

ഫീസിന്റെ വിശദാംശങ്ങൾ ലഭിക്കുന്ന മുറക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് തുക നല്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിപ്പ് നല്കിയിട്ടുണ്ട്. പഞ്ചായത്തിൽ ടെണ്ടർഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ കണക്ക് തയ്യാറാക്കി ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ഇലക്ട്രിസിറ്റി ചാർജ് - സർചാർജ് അടവാക്കുന്നത്

ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം പഞ്ചായത്ത് ഓഫീസിലെയും ഏതാനും തെരുവ് വിളക്കുകളുടെയും കറന്റ് ചാർജ് കെ.എസ്.ഇ.ബി യിൽ ഒടുക്കിയിട്ടുണ്ട്.

| വൗച്ചർ | തുക |
|---|---|
| 22100489/13-10-2021 | 6399 |
| 22100490/13-10-2021 | 2147 |
| 22100491/13-10-2021 | 30397 |
| 22100972/14-02-2022 | 9000 |
| 22100973/14-02-2022 | 5258 |
| 22100976/14-02-2022 | 8525 |
| ആകെ | 61726 |

ആകെ അടവാക്കിയതിൽ 3333/- രൂപയും സർചാർജ് ഇനത്തിലാണ് ഈടാക്കിയിട്ടുള്ളത്.ഇതുകൂടാതെ മിക്ക ഇലക്ട്രിസിറ്റി ബില്ലുകൾക്കൊപ്പവും സർചാർജ് ഈടാക്കിയിട്ടുള്ളതായി കാണുന്നു.ഇതു സംബന്ധിച്ച് 09-01-2021 ലെ 9 ാം നമ്പർ ഓഡിറ്റ് എൻക്വയറി നല്കുകയും എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്യുകയുമുണ്ടായി.ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് യഥാസമയം ബില്ല് ലഭിക്കാത്തതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നതെന്നും ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി ഓഫീസിൽ രേഖാമൂലം പരാതിപ്പെടുകയും ചെയ്തതായി അറിയിച്ചു.ഇപ്രകാരം സർചാർജ് അടയ്ക്കേണ്ടിവരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അഭികാമ്യമല്ല. പരിഹാരനടപടികൾ സ്വീകരിച്ച് സർചാർജ് അടയ്ക്കുന്നസാഹചര്യം ഒഴിവാക്കേണ്ടതാണ്.അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

1-27 വെള്ളക്കരം-പ്രവർത്തിക്കാത്ത ടാപ്പുകൾക്കും ഒടുക്കുന്നു

ഗ്രാമപഞ്ചായത്തിലെ 96 സ്ട്രീറ്റ് ടാപ്പുകൾക്കായി പ്രതിമാസം 44104/രൂപവച്ച് വാട്ടർ അതോറിട്ടിക്ക് വെള്ളക്കരം നല്കിവരുന്നു.പഞ്ചായത്ത് കമ്മിറ്റിയുടെ 13-10-2021 ലെ 8-(4) തീരുമാനത്തിൽ പല ടാപ്പുകളും പ്രവർത്തിക്കാത്തവയാണെന്നും അതിനാൽ വാട്ടർ അതോറിട്ടിയുമായിചേർന്ന് ജോയിന്റ് വേരിഫിക്കേഷൻ നടത്തി പ്രവർത്തിക്കുന്ന ടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരം അതനുസരിച്ച് ക്രമപ്പെടുത്തണമെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തുകമ്മിറ്റി തീരുമാനം നടപ്പിലാക്കിയിട്ടില്ല.വാട്ടർ അതോറിട്ടിയുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി അടവാക്കുന്ന വെള്ളക്കരം ക്രമീകരിക്കേണ്ടതാണ്.

1-28 അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ -സ്ഥലം പേരിൽകൂട്ടി ആസ്തിരജിസ്റ്ററിൽ ചേർത്തില്ല

സെക്രട്ടറി നടപ്പിലാക്കിയ 292/22 നമ്പർ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം 315651/രൂപ ചെലവഴിച്ച് സഖറിയ തോമസ്, കാവുങ്കൽ, ഇടക്കുന്നം എന്ന വ്യക്തിയിൽ നിന്ന് 3 സെന്റ് സ്ഥലവും (വൗച്ചർ നം. 22101323/31-03-22) പ്രോ.293/22 പ്രകാരം തനത് ഫണ്ടിൽ നിന്ന് രണ്ട് ലക്ഷം ചെലവഴിച്ച് അജിത് കുമാർ,പനയ്ക്കൽ,ഇടക്കുന്നം എന്ന വ്യക്തിയിൽ നിന്ന് മൂന്ന് സെന്റ് സ്ഥലവും(വൗച്ചർനം.22101325/31-03-22) അങ്കണവാടികളുടെ നിർമ്മാണത്തിന് വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥലങ്ങൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ചേർത്ത് കരമടച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

നടപടികൾ പൂർത്തീകരിക്കേണ്ടതും അങ്കണവാടികൾ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

1-29 വാഹന വാടക -തെറ്റായി നല്കിയ തുക നിരാകരിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പ്രോജക്ട് പ്രകാരം കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പട്ട ഫയൽ പരിശോധിച്ചതിൽ ഷെഫീന അജ്മൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള KL 24H 1990 എന്ന നമ്പറിലുള്ള വാഹനം കോവിഡുമായി ബന്ധപ്പെട്ട് വാക്സിനേഷൻ നല്കുന്നതിനായി വിവിധ ദിവസങ്ങളിൽ വാടകയ്ക്ക് ഓടിയിട്ടുള്ളതായും വാഹന വാടകയിനത്തിൽ തുക നല്കിയിട്ടുള്ളതായും കണ്ടു. പാലിയേറ്റീവ് കെയർ എന്ന പ്രോജക്ട് പ്രകാരം ടി വാഹനം തന്നെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓടിയ ദിവസം അതേ സമയം തന്നെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായും ഓടിയതായി കാണിച്ച് (ടൂറിസ്റ്റ് ടാക്സി രസീത് പ്രകാരം) ഷെഫീന അജ്മൽ എന്നയാൾ തുക കൈപ്പറ്റിയിട്ടുണ്ട്.കൂടാതെ ടി ദിവസങ്ങളിൽ ഭക്ഷണമിനത്തിലും തുക ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് ഡെയ്ലി ഹോം വിസിറ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത ദിവസങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിനാൽ ടി ദിവസങ്ങളിൽ അതേസമയം തന്നെ അതേ വാഹനം കോവിഡ് പ്രവർത്തനങ്ങൾക്കായി ഓടിയതായി കാണിച്ച് നടത്തിയിട്ടുള്ള ചെലവ് അംഗീകരിക്കാനാവില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നമ്പർ പേര് | 144/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | പ്രോജക്ട് നമ്പർ പേര് | 56/22 പാലിയേറ്റീവ് കെയർ | അംഗീകരിക്കാനാവാത്ത തുക |
|---|---|---|---|---|---|
| | അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 650000 | അടങ്കൽ -വികസന ഫണ്ട്-ജനറൽ | 750000 | |
| | ചെലവ് | 649982 | ചെലവ് | 695900 | |
| 1. | ബിൽ നം | 22/30.9.21 | ബിൽ നം | 14/2.9.21 | |
| | തുക | 15640 | തുക | 38150 | |
| | കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ ദിവസങ്ങൾ | ഓഗസ്റ്റ് 2021 2,3,13,17,23, 24 തീയതികൾ | പാലിയേറ്റീവ് പ്രവർത്തനം നടത്തിയ ദീവസങ്ങൾ | ഓഗസ്റ്റ് 2021 2,3,4,5,9,10, 11,13,16,17, 19,23,24,25, 30തീയതികൾ | |
| | വാഹന വാടക | 5400 | വാഹന വാടക | 16000 | |
| | ഭക്ഷണചെലവ് | 960 | ഭക്ഷണചെലവ് | 3840 | |
| | ആകെ | 6360 | | | 6360 |
| 2. | ബിൽ നം | 39/10.11.21 | ബിൽ നം | 29/4.10.21 -38070 | |
| | തുക | 8000 | തുക | 32/10.11.21 -38070 | |
| | കോവിഡ് പ്രതിരോധ | 1.9.21, ഒക്ടോബർ 2021 | പാലിയേറ്റീവ് പ്രവർത്തനം | 1.9.21 , ഒക്ടോബർ | |

| | | | | | |
|---|---|---|---|---|---|
| | പ്രവർത്തനം നടത്തിയ ദിവസങ്ങൾ | 8,11,20, 21,25,29 തീയതികൾ | നടത്തിയ ദീവസങ്ങൾ | 2021 1,4,5,6,8,9,11,13, 14,19,20, 21,23,25, 27,29 തീയതികൾ | |
| | വാഹന വാടക | 8000 | വാഹന വാടക | 16000 | |
| | ആകെ | 8000 | ആകെ | | 8000 |
| 3. | ബിൽ നം തുക | 45/9.12.21 | ബിൽ നം തുക | 56/9.12.21 | |
| | | 18670 | | 40160 | |
| | കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ ദിവസങ്ങൾ | നവംബർ 2021 1,2,8,12,15,19, 19,22,23,25,27, 30തീയതികൾ | കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ ദിവസങ്ങൾ | നവംബർ 2021 1,2,3,5,6,8, 11,12,13,15,17,19 ,20,22,25,27 തീയതികൾ | |
| | വാഹന വാടക | 17500 | വാഹന വാടക | 16000 | 13500 (23,30 തീയതികൾ ഒഴികെ) |
| | ഭക്ഷണചെലവ് | 1170 | ഭക്ഷണചെലവ് | 3840 | 1010 |
| | ആകെ | 18670 | ആകെ | | 14510 |

ഇപ്രകാരം ഒരേ തീയതിയിൽ ഒരേ സമയം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായും വാഹന വാടകയിനത്തിലും ഭക്ഷണ ചെലവിനത്തിലും തുക കൈപ്പറ്റിയിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ടി ദിവസങ്ങളിൽ നല്കിയിട്ടുള്ള 28870 രൂപ(6360+8000+14510) തിരികെ ഈടാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/12.1.23 )മറുപടി ലഭ്യമാക്കിയില്ല. അധികംനല്കിയ 28870 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-30 ടേക്ക് എ ബ്രേക്ക് കെട്ടിട അറ്റകുറ്റപ്പണികൾ-കരാറുകാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് /പ്രോജക്ട് നമ്പർ | ടേക്ക് എ ബ്രേക്ക്, കംഫർട്ട് സ്റ്റേഷൻ നവീകരണം , 231/22 |
| കരാറുകാരൻ | എം ജി അജേഷ് കുമാർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് , 210000/- |
| ചെലവ് | 205462/- |
| ബിൽ നം /തീ | |

1). ഇനം 3 ആയി ചെയ്തിട്ടുള്ളത് 77.86 ചതുരശ്ര മീറ്റർ 60 എം എം ഇന്റർ ലോക്ക് പേവർ ബ്ലോക്ക് വിരിക്കുകയാണ്. . ഇതിന് ച മീ ന് 849.24 രൂപ നിരക്കിൽ 66121.83 രൂപ നല്കിയിട്ടുണ്ട്. ഡാറ്റാ പരിശോധിച്ചതിൽ 50എം എം കനത്തിലുള്ള പരുക്കൻ മണൽ (ആറ്റുമണൽ) ബഡ്ഡിലാണ് പേവർ ബ്ലോക്ക് വിരിക്കുന്നത്. എന്നാൽ നിലവിൽ ആറ്റുമണൽ ലഭ്യമല്ലാത്തതിനാൽ 6 എം എം സ്റ്റോൺ

അഗ്രിഗേറ്റ് ആണ് ഉപയോഗിക്കുന്നത് . ഇതിനായി ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി ഇടക്കുന്നം എൽ പി സ്കൂളിന് ഇന്റർ ലോക്ക് വിരിച്ചിട്ടുണ്ട്. ആയത് പ്രകാരം ച മീ ന് 800.61യാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് ഉൾപ്പെടുത്തി അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | നല്കിയ തുക(849.24) | നല്കാവുന്ന തുക(800.61) |
|---|---|---|
| നിരക്ക് 77.86 ച മീറ്ററിന് | 66121.83 | 62335.49 |
| 12% ജി എസ് റ്റി | 7934.61 | 7480.25 |
| ആകെ | 74056.44 | 69815.74 |
| ആകെ അധികം നല്കിയത് (74056.44-69815.74) | | 4240.70 |

2) 2012 ലെ പൊതുമരാമത്ത് മാന്വൽ 1601.1.2 പ്രകാരം ലംപ് സം പ്രോവിഷൻ കഴിയുന്നത്ര ചെറിയ ഇനങ്ങൾക്കായി പരിമിതപ്പെടുത്തേണ്ടതും ആയത് ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ 5% ൽ കൂടാൻ പാടില്ലാത്തതുമാണ്. കൂടാതെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വിശദാംശങ്ങൾ മുൻകൂട്ടിക്കാണാൻ കഴിയാത്തവക്കും പിന്നീട് ലഭ്യമാകും എന്നുള്ളവക്കും ലംപ് സം പ്രോവിഷൻ വെക്കാമെങ്കിലും വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ ഭാഗമാക്കണം. പ്രധാന പ്രവൃത്തി ചെയ്യുന്ന കരാറുകാരനെ തന്നെ വർക്കിംഗ് എസ്റ്റിമേറ്റിലെ പ്രവൃത്തി ഏൽപ്പിച്ചാൽ എസ്റ്റിമേറ്റിലെ അംഗീകരിച്ചനിരക്ക് കരാറുകാരന് നല്കണം. എക്സ്ട്രാ ഇനങ്ങൾക്ക് തയ്യാറാക്കിയ നിരക്കും നല്കണം. നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

- ആകെ അടങ്കലിന്റെ 35% ലംപ് സം പ്രോവിഷൻ ഉൾപ്പെടുത്തിയിട്ടും വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം വാങ്ങിയില്ല. പ്രവൃത്തി പൂർത്തിയായതിന് ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത്(28-9-21 ൽ) . പൊതുമരാമത്ത് മാന്വൽ 1601.1.6 പ്രകാരം കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ആവശ്യമെന്ന് കണ്ടാൽ പ്രവൃത്തി പൂർത്തീകരണം വരെയോ, അഡ്വാൻസ്ഡ് സ്റ്റേജ് വരെയോ കാത്തിരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങണം.
- ലംപ് സം പ്രോവിഷനിൽ ഉൾപ്പെട്ടത് ഇലക്ട്രിക്ക് പ്രവൃത്തി ആയതിനാൽ DLTC ഡി എസ് ആർ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നല്കുകയും അവരുടെ സൂപ്പർവിഷനിൽ പ്രവൃത്തി നടത്തുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്.
- മേൽ പറഞ്ഞ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടി ക്രമം പാലിക്കാത്തതിനാൽ ബില്ല് പ്രകാരമുള്ള ചെലവ് വാങ്ങലായി (പർച്ചേസ്) മാത്രമേ കണക്കാക്കാൻ കഴിയൂ. (ടെണ്ടർ ഷെഡ്യൂളിലോ, എഗ്രിമെന്റ് ഷെഡ്യൂളിലോ ഉൾപ്പെടാത്ത ഇനങ്ങൾ) ഇത്തരം വാങ്ങലുകളിൽ ജി എസ് റ്റി 12% കരാറുകാരന് കൂട്ടി നല്കാൻ വ്യവസ്ഥ ഇല്ലാത്തതിനാൽ 7816.00 രൂപ കരാറുകാരന് ജി എസ് റ്റി ഇനത്തിൽ നല്കിയത് അംഗീകരിക്കാൻ കഴിയില്ല.

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (01/6-1-23) മറുപടിയായി തെറ്റായ നിരക്ക് രേഖപ്പെടുത്തിയത് മൂലമുള്ള അധിക നിരക്ക് 4240.70 രൂപയും ജി എസ് റ്റി ഇനത്തിൽ അധികം നല്കിയ 7816/- രൂപയും ഉൾപ്പെടെ 12056.70 രൂപ തിരികെ അടപ്പിക്കുന്നതിന് നിലവിലെ അസ്സ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി മറുപടി നല്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-31 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോ.നം 64/22,ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിതരം 300000/രൂ ,16-02 2022 ലെ ബില്ല് പ്രകാരം ഹോമിയോപതിക് കോപ്പറേറ്റീവ്

ഫാർമസി(ഹോംകോ) മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് പ്രൊഫോർമ ഇൻവോയ്സ് ന്റെ അടിസ്ഥാനത്തിൽ നല്കിയിട്ടുണ്ട്.തുക കൈപ്പറ്റിയ രസീത് ലഭിച്ചുവെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 വി ഇ ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-പൊതു അപാകതകൾ

2021-22 വർഷം 10.92 കോടി അടങ്കലിൽ 34 പ്രോജക്ടുകൾ തയ്യാറാക്കുകയും 2.59 കോടി ചെലവിൽ 29 പ്രോജക്ടുകൾ നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട് .രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരാണ് നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ലൈഫ് ഭവനപദ്ധതി ,ശൗചാലയം നിർമ്മാണം,അറ്റകുറ്റപ്പണി മാലിന്യസംസ്കരണ പ്രോജക്ടുകൾ ,ഭവനപുനരുദ്ധാരണം തുടങ്ങിയവയാണ് ഏറ്റെടുത്ത പ്രധാന പ്രോജക്ടുകൾ. ആകെയുള്ള 8.13 കോടി വാർഷിക ചെലവിൽ 2.59 കോടി ചെലവഴിച്ചത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്.(31.87%).

16/10/2021തീയതിയിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഫയലുകൾ നഷ്ടപ്പെട്ടത്.

16/10/2021 തീയതിയിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ കാര്യാലയത്തിൽ വെള്ളം കയറി 2021-22 വാർഷിക പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ്,വീട് മെയിന്റനൻസ് ജനറൽ,ശുചിമുറി നവീകരണം ,ലൈഫ് ടോയ്ലറ്റ് തുടങ്ങിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട എഗ്രിമെന്റുകൾ ഉൾപ്പെടെ രേഖകൾ നഷ്ടപ്പെട്ടതായി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യക്തിഗത പ്രോജക്ടുകളുടെ പുനസൃഷ്ടിച്ച രജിസ്റ്ററുകൾ ,പ്രളയ തീയതിക്ക് ശേഷം ലഭിച്ചിട്ടുള്ള രേഖകൾ ,ഡിജിറ്റലായി ലഭിക്കുന്ന രേഖകൾ എന്നിവയാണ് പരിശോധനക്ക് ലഭിച്ചത്.ലൈഫ് ഭവനപദ്ധതി ഭവന നിർമ്മാണ കരാറുകൾ, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയും, അക്വിറ്റൻസ് രജിസ്റ്റർ,സ്റ്റേജ് ഫോട്ടോകൾ തുടങ്ങിയവയും നഷ്ടപ്പെട്ടവയിൽപ്പെടുന്നു. പ്രോജക്ടുകളിടെ പരിശോധന സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഭവന പദ്ധതി-അവലോകനം

ലൈഫ് ഭവന പദ്ധതി ഫേസ് രണ്ടിൽ 127 ഗുണഭോക്താക്കളും ഫേസ് മൂന്നിൽ 99 ഗുണഭോക്താക്കളും ഉൾപ്പെടെ 226 ഗുണഭോക്താക്കൾ കരാർ വച്ച് പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. ഇതിൽ ഫേസ് രണ്ടിൽ 125 ഗുണഭോക്താക്കളും ഫേസ് മൂന്നിൽ 52 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ട്. മേൽ പറഞ്ഞവരിൽ ഭൂരഹിത ഭവനരഹിതരായവരിൽ 31 ഗുണഭോക്താക്കളും ഉൾപ്പെടുന്നു. വസ്തു വാങ്ങി നല്കിയതിൽ ഒരാൾ ഭവനനിർമ്മാണത്തിന് കരാർ വച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന ബില്ല് (59E) പുനസൃഷ്ടിച്ച ലൈഫ് രജിസ്റ്റർ എന്നിവ അടിസ്ഥാനമാക്കിയാണ് പരിശോധിച്ചത്. പ്രളയ ശേഷവും പൂർത്തീകരിക്കപ്പെട്ട ഭവനങ്ങൾ മോണിറ്ററിംഗ് കമ്മറ്റിയോ ,വാർഡ് മെമ്പറോ പരിശോധിച്ച് പൂർത്തീകരണ സാക്ഷ്യപത്രം നല്കിയിട്ടില്ല. ഫേസ് രണ്ടിലെ ഗുണഭോക്താക്കളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രനം | പേര് / വിലാസം | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | ബാബു സെബാസ്റ്റ്യൻ ,കുന്നംപുറം , ഇടക്കുന്നം | 40000 | 27-02-2020 |
| | | 160000 | 7-10-2020 |
| 2 | ഫിലോമിന പനച്ചിക്കൽ | 40000 | 29-10-2018 |

ബാബു സെബാസ്റ്റ്യൻ തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഫിലോമിന പനച്ചിക്കൽ നിർമ്മാണം ആരംഭിക്കുക പോലും ചെയ്തിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഫണ്ട് വിനിയോഗം-വായ്പ

ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾ കൂടുതലുള്ളതിനാൽ ഹഡ്കോ ലോൺ ഇനത്തിൽ വലിയ ബാധ്യത പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. ഇതുവരെ 4.32 കോടി രൂപ വായ്പയിനത്തിൽ പഞ്ചായത്ത് കൈപ്പറ്റിയിട്ടുണ്ട്. തൻവർഷം തിരിച്ചടവ് ഇനത്തിൽ 1957573 രൂപയും ലൈഫ് പദ്ധതി വകയിരുത്തൽ ഇനത്തിൽ 4656960 രൂപയും ഉൾപ്പെടെ 6614533/-രൂപ വികസനഫണ്ടിൽ (ജനറൽ +SCP+ TSP)നിന്നും ചെലവ് ഉണ്ട്.ബാക്കി തുക മറ്റിനങ്ങളിലായാണ് സമാഹരിച്ചിട്ടുള്ളത്.

ലൈഫ് വസ്തു വാങ്ങൽ

ഭൂരഹിതരായ 32 പേർക്ക് തൻവർഷം ലൈഫ് പ്രോജക്ടിൽ ഉൾപ്പെടുത്തി 64 ലക്ഷം രൂപ ചെലവിൽ വസ്തു വാങ്ങി നല്കിയിട്ടുണ്ട് . ഇതിൽ 31 പേരും ഭവന നിർമ്മാണത്തിന് കരാർ വച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടതായും,ലൈഫ് ഭവനപദ്ധതി അർഹത അംഗീകരിക്കപ്പെട്ടവരുടെ വിവരം ലൈഫ് സോഫ്റ്റ് വെയറിൽ ഉണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ പ്രസ്തുത ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തു വാങ്ങി നല്കിയവരുടെ അർഹത പരിശോധിച്ച് ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

മൂല്യനിർണ്ണയം സംബന്ധിച്ച്

വ്യക്തിഗത പ്രോജക്ടുകളായ ശുചിമുറി നിർമ്മാണം, മെയിന്റനൻസ് , ഭവന പുനരുദ്ധാരണം തുടങ്ങിയവക്ക് എഞ്ചിനീയർ വിശദമായ വാല്യുവേഷൻ നല്കുന്നതിന് പകരം സബ്സിഡി തുകക്ക് മുകളിൽ ചെലവ് വന്നിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത് .പരിശോധനക്ക് ലഭിച്ച ഫയലുകളിൽ പ്രസ്തുത സർട്ടിഫിക്കറ്റ് മാത്രം അടിസ്ഥാനമാക്കിയാണ് തുക നല്കിയിട്ടുള്ളത് എന്ന് കാണുന്നു.നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ,വാർഡ് മെമ്പറുടെയോ പൂർത്തീകരണ സാക്ഷ്യ പത്രം ഇല്ല.

ഗുണഭോക്തൃ വിഹിതം പിരിച്ചു -പൈപ്പ് കംപോസ്റ്റ് വിതരണം ചെയ്തില്ല

പ്രോജക്ട് നം 184/22 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം എന്ന പ്രോജക്ട് പ്രകാരം കിച്ചൺ ബിൻ , റിംഗ് കംപോസ്റ്റ് ,പൈപ്പ് കംപോസ്റ്റ് എന്നിവ വിതരണം ചെയ്യുകയായിരുന്നു ലക്ഷ്യമിട്ടിരുന്നത്.സോഷ്യോ ഇക്കണോമിക് യൂണിറ്റ് വഴി നടപ്പാക്കിയ പ്രോജക്ടിൽ എന്നിവ വിതരണം ചെയ്യുകയും ആയതിന്റെ തുക നിർവ്വഹണ എജൻസിക്ക് നല്കുകയും ചെയ്തു. ഇതിൽ 140 പൈപ്പ് കംപോസ്റ്റിന് 90 രൂപ പ്രകാരം 12600/- ഗുണഭോക്തൃ വിഹിതം പിരിച്ചെങ്കിലും വിതരണം ചെയ്തിട്ടില്ല. പ്രോജക്ട് ഉപേക്ഷിച്ചതായാണ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്. ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഗുണഭോക്താക്കൾക്ക് തിരികെ നല്കാവുന്നതാണ്.

1-33 അനുപൂരക പോഷകാഹാര പരിപാടി -സ്റ്റോക്കിലും വിതരണത്തിലും അപാകതകൾ-

| | |
|---|---|
| പ്രോജക്ട് നം | 58/22<br>അനുപൂരക പോഷകാഹാര പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ- വികസന ഫണ്ട് (ജനറൽ)<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ജില്ലാ പഞ്ചായത്ത് വിഹിതം | 3183140<br>1200000<br>300000<br>500000<br>-------------<br>5183140 |
| ചെലവ്-വികസന ഫണ്ട് (ജനറൽ) | 3039744<br>539233 |

| | |
|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 200000 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 294739 |
| | ------------ |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4073716 |

അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാര പരിപാടി എന്ന പ്രോജക്ട് പ്രകാരം തൻവർഷം വിവിധ അങ്കണവാടികളിലേക്ക് ആഹാരസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ പല ബില്ലുകൾ പ്രകാരവും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ കാണുന്നില്ല. കൂടാതെ ആധികാരിക രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥാപനം / ഇൻവോയ്സ് നം | അളവ് ,തുക | ബിൽ നം./തുക | റിമാർക്സ് |
|---|---|---|---|
| സിവിൽ സപ്ളൈസ് കോർപ്പറേഷൻ,പാറത്തോട് 2153/29.5.21 | 5 ഇനം സാധനങ്ങൾ -680166 രൂപ | 1/28.7.21 - 680166 | സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ഇല്ല |
| വി.വൺ അമൃതം ന്യൂട്രി മിക്സ് 31/7.6.21 | 1920 Pkt@73.5=141120 രൂപ | 2/28.7.21 141120 | സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ഇല്ല |
| വി.വൺ അമൃതം ന്യൂട്രി മിക്സ് 40 /17.8.21 | 1920 Pkt@73.5=141120 രൂപ | 3/23.9.21- 836313 | സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ഇല്ല |
| ആകെ | 962406 രൂപ | | |

കൂടാതെ ചുവടെ ചേർക്കുന്ന ബിൽ പ്രകാരം ചെലവഴിച്ച തുകയ്ക്ക് ആധികാരികമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനം / ഇൻവോയ്സ് നം | അളവ് ,തുക | ബിൽ നം./തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സിവിൽ സപ്ളൈസ് കോർപ്പറേഷന് 20668/ 11.2.21 | 1.ചെറുപയർ --330@95 -31350<br>2.ഉഴുന്ന് 580@109-63220<br>3. വെളിച്ചെണ്ണ- 610@233.96-142715<br>4.നുറുക്ക്ഗോതമ്പ് 5900 @52.85-311818<br>ആകെ -549101 | 4/ 6.10.21 -121247 രൂപ | 20-21 വർഷം അങ്കണവാടികളിൽ എത്തിച്ച ഭക്ഷണ സാധനങ്ങളുടെ ബാലൻസ് തുകനല്കിയത് എന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. 20-21 ലെ സ്റ്റോക്ക് വിതരണ വിവരം ഇല്ല. തുകനല്കിയതിന്റെ വിവരം ഇല്ല.ആയതിനാൽ ടി ചെലവ് അംഗീകരിക്കുന്നില്ല. |
| 2 | സിവിൽ സപ്ളൈസ് | 1.നെസ്ലെ ഡയറി വൈറ്റനർ400ഗ്രാം | 200000- ബ്ളോക്ക് | സ്റ്റോക്ക് വിതരണവിവരം ഇല്ല. |

| | | | | |
|---|---|---|---|---|
| | കോർപ്പറേഷന് 2159/29.5.21 | 9@175.75-. 1581.75 രൂപ 2..നെസ്ലെ ഡയറി വൈറ്റനർ400ഗ്രാം 11@190-2090 രൂപ 3..നെസ്ലെ ഡയറി വൈറ്റനർ1കി.ഗ്രാം 46@426.55- 19621.30 4..നെസ്ലെ ഡയറി വൈറ്റനർ1കി.ഗ്രാം 158@445.36-7.366.88 ആകെ- 212കി.ഗ്രാം-93660 രൂപ | ഷെയർ - 93660 രൂപ | അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 1 കിഗ്രാം സാധനങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.ആയതിനാൽ 400 ഗ്രാം സാധനങ്ങളുടെ വിലയിനത്തിലെ (1581.75+2090 =3672) തുക അംഗീകരിക്കുന്നില്ല |
| | ആകെ അംഗീകരിക്കാത്ത തുക | | 1.-121247 രൂപ 2.-3672 രൂപ | |

ഇപ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാതിരുന്നതു മൂലം എല്ലാ അങ്കണവാടികളിലും സാധനങ്ങൾ മുഴുവൻ കിട്ടിയിട്ടുണ്ടോ എന്നും ചെലവ് തുക മുഴുവനും പ്രോജക്ടിനായി തന്നെയാണ് ചെലവഴിച്ചിട്ടുള്ളതെന്നും എന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല.സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തതും, സ്റ്റോക്കിലെ കുറവുകളും രേഖകൾ സഹിതം വിശദീകരിക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/12.1.13) ലഭ്യമാക്കിയ മറുപടിയിൽ നാലു മാസത്തിനുള്ളിൽ വിവരങ്ങൾ രേഖപ്പെടുത്തി ഹാജരാക്കികൊള്ളാം എന്നാണ് അറിയിച്ചിട്ടുള്ളത്. ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ച് കഴിഞ്ഞ് അപാകതകൾ പരിഹരിക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയപരിധി 2 മാസം മാത്രമാണെന്നിരിക്കെ മറുപടിയിൽ ആവശ്യപ്പെട്ട 4 മാസത്തെ സമയം അനുവദിക്കുന്നതിന് നിർവ്വാഹമില്ല. ടി വിവരം നം.കെഎസ്എ കെടിഎം പി11/94/2023 തീയതി 06.02.2023 കത്ത് പ്രകാരം കൺട്രോളിംഗ് ഓഫീസറെ അറിയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ആധികാരിക രേഖകൾ ഇല്ലാതെ ചെലവഴിച്ച 124919 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുകയും സ്റ്റോക്ക് വിതരണ വിവരം ഇല്ലാത്ത 962403 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നിരാകരിച്ച 124919 രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതും തടസ്സപ്പെടുത്തിയ 962403 രൂപയുടെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വാഹന വാടക -തെറ്റായി നല്കിയ തുക നിരാകരിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പ്രോജക്ട് പ്രകാരം കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പട്ട ഫയൽ പരിശോധിച്ചതിൽ ഷെഫീന അജ്മൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള KL 24H 1990 എന്ന നമ്പറിലുള്ള വാഹനം കോവിഡുമായി ബന്ധപ്പെട്ട് വാക്സിനേഷൻ നല്കുന്നതിനായി വിവിധ ദിവസങ്ങളിൽ വാടകയ്ക്ക് ഓടിയിട്ടുള്ളതായും വാഹന വാടകയിനത്തിൽ തുക നല്കിയിട്ടുള്ളതായും കണ്ടു. പാലിയേറ്റീവ് കെയർ എന്ന പ്രോജക്ട് പ്രകാരം ടി വാഹനം തന്നെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓടിയ ദിവസം അതേ സമയം തന്നെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായും ഓടിയതായി കാണിച്ച് (ടൂറിസ്റ്റ് ടാക്സി രസീത് പ്രകാരം) ഷെഫീന അജ്മൽ എന്നയാൾ തുക കൈപ്പറ്റിയിട്ടുണ്ട്.കൂടാതെ ടി ദിവസങ്ങളിൽ ഭക്ഷണമിനത്തിലും തുക ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് ഡെയ്ലി ഹോം വിസിറ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത ദിവസങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിനാൽ ടി ദിവസങ്ങളിൽ അതേസമയം തന്നെ അതേ വാഹനം കോവിഡ് പ്രവർത്തനങ്ങൾക്കായി ഓടിയതായി കാണിച്ച് നടത്തിയിട്ടുള്ള ചെലവ് അംഗീകരിക്കാനാവില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| | പ്രോജക്ട് നമ്പർ പേര് | 144/22<br>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | പ്രോജക്ട് നമ്പർ പേര് | 56/22<br>പാലിയേറ്റീവ് കെയർ | അംഗീകരിക്കാനാവാത്ത തുക |
| | അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 650000 | അടങ്കൽ -വികസന ഫണ്ട്-ജനറൽ | 750000 | |
| | ചെലവ് | 649982 | ചെലവ് | 695900 | |
| 1. | ബിൽ നം<br>തുക | 22/30.9.21<br>15640 | ബിൽ നം<br>തുക | 14/2.9.21<br>38150 | |
| | കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ ദിവസങ്ങൾ | ഓഗസ്റ്റ് 2021 2,3,13,17,23, 24 തീയതികൾ | പാലിയേറ്റീവ് പ്രവർത്തനം നടത്തിയ ദീവസങ്ങൾ | ഓഗസ്റ്റ് 2021 2,3,4,5,9,10, 11,13,16,17, 19,23,24,25, 30തീയതികൾ | |
| | വാഹന വാടക | 5400 | വാഹന വാടക | 16000 | |
| | ഭക്ഷണചെലവ് | 960 | ഭക്ഷണചെലവ് | 3840 | |
| | ആകെ | 6360 | | | 6360 |
| 2. | ബിൽ നം<br>തുക | 39/10.11.21<br>8000 | ബിൽ നം<br>തുക | 29/4.10.21 -38070<br>32/10.11.21 -38070 | |
| | കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ | 1.9.21, ഒക്ടോബർ 2021 8,11,20, 21,25,29 | പാലിയേറ്റീവ് പ്രവർത്തനം നടത്തിയ ദീവസങ്ങൾ | 1.9.21 , ഒക്ടോബർ 2021 1,4,5,6,8,9,11,13, | |

| | | | | | |
|---|---|---|---|---|---|
| | ദിവസങ്ങൾ | തീയതികൾ | | 14,19,20, 21,23,25, 27,29 തീയതികൾ | |
| | വാഹന വാടക | 8000 | വാഹന വാടക | 16000 | |
| | ആകെ | 8000 | ആകെ | | 8000 |
| 3. | ബിൽ നം തുക | 45/9.12.21 | ബിൽ നം തുക | 56/9.12.21 | |
| | | 18670 | | 40160 | |
| | കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ ദിവസങ്ങൾ | നവംബർ 2021 1,2,8,12,15,19, 19,22,23,25,27, 30തീയതികൾ | കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ ദിവസങ്ങൾ | നവംബർ 2021 1,2,3,5,6,8, 11,12,13,15,17,19 ,20,22,25,27 തീയതികൾ | |
| | വാഹന വാടക | 17500 | വാഹന വാടക | 16000 | 13500 (23,30 തീയതികൾ ഒഴികെ) |
| | ഭക്ഷണചെലവ് | 1170 | ഭക്ഷണചെലവ് | 3840 | 1010 |
| | ആകെ | 18670 | ആകെ | | 14510 |

ഇപ്രകാരം ഒരേ തീയതിയിൽ ഒരേ സമയം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായും വാഹന വാടകയിനത്തിലും ഭക്ഷണ ചെലവിനത്തിലും തുക കൈപ്പറ്റിയിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ടി ദിവസങ്ങളിൽ നല്കിയിട്ടുള്ള 28870 രൂപ(6360+8000+14510) തിരികെ ഈടാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/12.1.23 )മറുപടി ലഭ്യമാക്കിയില്ല. അധികംനല്കിയ 28870 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

3-2 അനുപൂരക പോഷകാഹാര പരിപാടി -സ്റ്റോക്കിലും വിതരണത്തിലും അപാകതകൾ-

| | |
|---|---|
| പ്രോജക്ട് നം | 58/22 അനുപൂരക പോഷകാഹാര പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ- വികസന ഫണ്ട് (ജനറൽ)<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം<br>ജില്ലാ പഞ്ചായത്ത് വിഹിതം | 3183140<br>1200000<br>300000<br>500000<br>-------------<br>5183140 |
| ചെലവ്-വികസന ഫണ്ട് (ജനറൽ)<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>ബ്ളോക്ക് പഞ്ചായത്ത് | 3039744<br>539233<br>200000<br>294739 |

| | |
|---|---|
| വിഹിതം | ------------ |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4073716 |

അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാര പരിപാടി എന്ന പ്രോജക്റ്റ് പ്രകാരം തൻവർഷം വിവിധ അങ്കണവാടികളിലേക്ക് ആഹാരസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ പല ബില്ലുകൾ പ്രകാരവും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ കാണുന്നില്ല. കൂടാതെ ചുവടെ ചേർക്കുന്ന ബിൽ പ്രകാരം ചെലവഴിച്ച തുകയ്ക്ക് ആധികാരികമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനം / ഇൻവോയ്സ് നം | അളവ് ,തുക | ബിൽ നം./തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | സിവിൽ സപ്ളൈസ് കോർപ്പറേഷന് 20668/ 11.2.21 | 1.ചെറുപയർ --330@95 -31350<br>2.ഉഴുന്ന് 580@109-63220<br>3. വെളിച്ചെണ്ണ- 610@233.96-142715<br>4.നുറുക്ക്ഗോതമ്പ് 5900 @52.85-311818<br>ആകെ -549101 | 4/ 6.10.21 -121247 രൂപ | 20-21 വർഷം അങ്കണവാടികളിൽ എത്തിച്ച ഭക്ഷണ സാധനങ്ങളുടെ ബാലൻസ് തുകനല്കിയത് എന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. 20-21 ലെ സ്റ്റോക്ക് വിതരണ വിവരം ഇല്ല. തുകനല്കിയതിന്റെ വിവരം ഇല്ല.ആയതിനാൽ ടി ചെലവ് അംഗീകരിക്കുന്നില്ല. |
| 2 | സിവിൽ സപ്ളൈസ് കോർപ്പറേഷന് 2159/29.5.21 | 1.നെസ്ലെ ഡയറി വൈറ്റനർ400ഗ്രാം 9@175.75-.<br>1581.75 രൂപ<br>2..നെസ്ലെ ഡയറി വൈറ്റനർ400ഗ്രാം 11@190-2090 രൂപ<br>3..നെസ്ലെ ഡയറി വൈറ്റനർ1കി.ഗ്രാം 46@426.55- 19621.30<br>4..നെസ്ലെ ഡയറി വൈറ്റനർ1കി.ഗ്രാം 158@445.36-7.366.88<br>ആകെ-<br>212കി.ഗ്രാം-93660 രൂപ | 200000- ബ്ളോക്ക് ഷെയർ<br>-<br>93660 രൂപ | സ്റ്റോക്ക് വിതരണവിവരം ഇല്ല.<br>അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 1 കിഗ്രാം സാധനങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.ആയതിനാൽ 400 ഗ്രാം സാധനങ്ങളുടെ വിലയിന ത്തിലെ തുക (1581.75 + 2090 =3672) അംഗീകരിക്കുന്നില്ല |

| | | | | |
|---|---|---|---|---|
| | ആകെ അംഗീകരിക്കാത്ത തുക | | 1.-121247 രൂപ<br>2.-3672 രൂപ | |

ഇപ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാതിരുന്നതു മൂലം എല്ലാ അങ്കണവാടികളിലും സാധനങ്ങൾ മുഴുവൻ കിട്ടിയിട്ടുണ്ടോ എന്നും ചെലവ് തുക മുഴുവനും പ്രോജക്ടിനായി തന്നെയാണ് ചെലവഴിച്ചിട്ടുള്ളതെന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല.സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തതും, സ്റ്റോക്കിലെ കുറവുകളും രേഖകൾ സഹിതം വിശദീകരിക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/12.1.13) ലഭ്യമാക്കിയ മറുപടിയിൽ നാലു മാസത്തിനുള്ളിൽ വിവരങ്ങൾ രേഖപ്പെടുത്തി ഹാജരാക്കികൊള്ളാം എന്നാണ് അറിയിച്ചിട്ടുള്ളത്. ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ച് കഴിഞ്ഞ് അപാകതകൾ പരിഹരിക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയപരിധി 2 മാസം മാത്രമാണെന്നിരിക്കെ മറുപടിയിൽ ആവശ്യപ്പെട്ട 4 മാസത്തെ സമയം അനുവദിക്കുന്നതിന് നിർവ്വാഹമില്ല. ടി വിവരം നം.കെഎസ്എ കെടിഎം പി11/94/2023 തീയതി 06.02.2023 കത്ത് പ്രകാരം കൺട്രോളിംഗ് ഓഫീസറെ അറിയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ആധികാരിക രേഖകൾ ഇല്ലാതെ ചെലവഴിച്ച 124919 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച 124919 രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 30/0/2022-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 01/09/2022 ലെ A1-01/2022 നം. കത്തു മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 09/01/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം- 3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 3,053,739/- രൂപയും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2,238,400/- രൂപയും പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടിനായി 5 ലക്ഷം രൂപ ജില്ല പഞ്ചായത്ത് വിഹിതവും 515,651/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും മുൻ വർഷങ്ങളിൽ ലഭിച്ചത് സ്പിൽ ഓവർ പ്രോജക്ടുകൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2021-22 | 2,270,000/- | ലൈഫ് ഭവന പദ്ധതി ജനറൽ(100/22) | 2,270,000/- | 0 |
| | 2021-22 | 489,000/- | ലൈഫ് ഭവന പദ്ധതി എസ്.സി.പി. (53/22) | 489,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 294,739/- | അങ്കണവാടികളിൽ കുടിയുള്ള അനുപൂരക പോഷകാഹാര പരിപാടി(58/22) | 294,739/- | 0 |
| | സ്പിൽ ഓവർ | 500,000/- | തുരുത്തിപ്പടവ് പമ്പ്ഹൗസ് റോഡ് കോൺക്രീറ്റിങ്ങ്(233/22) | 500,000/- | 0 |
| ആകെ | | 3,553,739/- | ജില്ലാ പഞ്ചായത്ത് വിഹിതം | 3,553,739/- | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 920,000/- | ലൈഫ് ഭവന പദ്ധതി ജനറൽ(100/22) | 920,000/- | 0 |
| | 2021-22 | 780,000/- | ലൈഫ് ഭവന പദ്ധതി എസ്.സി.പി.(53/22) | 780,000/- | 0 |
| | 2021-22 | 38,400/- | ലൈഫ് ഭവന പദ്ധതി ടി.എസ്.പി.(24/22) | 38,400/- | 0 |
| | 2021-22 | 200,000/- | അങ്കണവാടികളിൽ കുടിയുള്ള അനുപൂരക പോഷകാഹാര പരിപാടി(58/22) | 200,000/- | 0 |
| | 2021-22 | 200,000/- | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത(60/22) | 200,000/- | 0 |
| | 2021-22 | 100,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(22/22) | 100,000/- | 0 |
| | സ്പിൽ ഓവർ | 315,651/- | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ (292/22) | 315,651/- | 0 |
| | സ്പിൽ ഓവർ | 200,000/- | പൊൻമല കല്ലുംപള്ളി റോഡിന് തുക അനുവദിക്കൽ വാർഡ്-16(235/22) | 200,000/- | 0 |
| ആകെ | | 2,754,051/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,754,051/- | 0 |

ബ്ലോക്ക്/ജില്ല പഞ്ചായത്ത് വിഹിതങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുന്നിരിപ്പായി വിവിധ ശീർഷകങ്ങളിൽ നിലനിനിനിരുന്നതിന്റെ കണക്കുകളും വിശദാംശവും എ.സി.ആർ. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ടി തുകകൾ 2021-22 വർഷം ചെലവഴിച്ചത് ഗ്രാന്റ് ചെലവായി വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. ബ്ലോക്ക്/ജില്ല പഞ്ചായത്ത് വിഹിതം എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതും വാർഷിക കണക്കിലെ അപാകത പരിഹരിക്കേണ്ടതുമാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | അങ്കണവാടികളുടെ കിണറുകളിൽ മോട്ടോർസ്ഥാപിക്കൽ(272/22) | 405,000/- | ഇല്ല | 405,000/- |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ്(314/22) | 257,543/- | ഇല്ല | 257,543/- |

ഭൂജല വകുപ്പിൽ പ്രോജക്ട് നം.272/22 പ്രകാരം നിക്ഷേപിച്ച 4.05 ലക്ഷം രൂപ നിക്ഷേപ

പ്രവൃത്തികൾക്കുള്ള മുൻകൂറായി 460500204 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 31,967,972/- | 2,860,000/- | 4,326,666/- | - | 30,501,306 |

വികസന ഫണ്ട്(General), വികസന ഫണ്ട്(SCSP),വികസന ഫണ്ട്(TSP) എന്നീ ഫണ്ടുകളുടെ അലോട്ട്മെന്റിൽ യഥാക്രമം 3,849,379/- രൂപ, 418,194/- രൂപ, 59,093/- രൂപ എന്നിങ്ങനെ ആകെ 4,326,666/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. 2022-23 വർഷം വായ്പ ശീർഷകത്തിൽ 24 ലക്ഷം രൂപ 08/07/2021 ലെ 42100040,42100041 നം. ജേർണൽ വൗച്ചറുകൾ മുഖാന്തിരം വായ്പ തുകയിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. ആയതിനാൽ 31/03/2022 ലെ ബാലൻസ് ഷീറ്റിലെ വായ്പതുകയിൽ 24 ലക്ഷം രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. പഞ്ചായത്തിൽ വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വായ്പ കണക്കുകൾ കൃത്യമാക്കേണ്ടതും വായ്പ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം പാറത്തോട് ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വർഷം 280200400-Prior Period Income-Other Income ശീർഷകത്തിൽ 1,349/- രൂപയും 280200801-Prior Period-Administrative Expenses ശീർഷകത്തിൽ 10,716/- രൂപയും ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പ്രകാരം വരവായി ലഭിച്ചിട്ടുണ്ട്. എന്നാൽ ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പാറത്തോട് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2002-03 | അദ്ധ്യായം-VIII ക്രമ നം.16 | ധനാപഹരണ ലക്ഷ്യത്തോടെ രസീതിന്റെ പകർപ്പ് കീറി മാറ്റി. (15.07.2002 ലെ LF10763/PT1/02 കത്ത് പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചു) | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-2a | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | |
| 2014-15 | 2-3 A,B | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5,2-6,2-7 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2019-20 | 1-28 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ(PHC), പാറത്തോട് നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | : | 132,119,329/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 107,926,017/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 153,789/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,262,403/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 28,870/- | ശ്വേത ശിവദാസൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-2 | - | 124,919/- | ബിന്ദു എം. ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | - | 153,789/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 300,000/- | അരുൺ രാജ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-33 | 962,403/- | ബിന്ദു എം. ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1,262,403/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-22 പ്രകാരം SGST-1,359/-, CGST-1,359/-, FDT- 891/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.1-21

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്വേത ശിവദാസൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.-പാറത്തോട് | പ്രണവം, കെ.കെ.പി. റോഡ്, കൊടുങ്ങാനൂർ പി.ഒ., കുലശേഖരം, തിരുവനന്തപുരം - 695013. |
| ബിന്ദു എം. ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സി.ഡി.പി.ഓ., മണ്ണാർക്കാട് ബ്ലോക്ക്, പാലക്കാട് ജില്ല | മുല്ലശ്ശേരിയിൽ, ഇഞ്ചിയാനി(പി.ഓ.), കാഞ്ഞിരപ്പള്ളി- 686512. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/12/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(1)/2018/ 02.02.2018 | 23 |
| 1994-95, 1995-96 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(2)/2018/ 02.02.2018 | 10 |
| 1996-97 | എൽ.എഫ്.കെ.പി4-868/98 /09.03.1999/22.04.1999 | - |
| 1997-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(4) /2018/02.02.2018 | 2 |
| 98-99 ചെലവ് | എൽ.എഫ്.കെ.പി8-558/02/ 02.11.2002/02.05.2003 | - |
| 1999-00,2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.കെ.പി8-880/03/ 09.07.2004/04.09.2004 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി13/1504(3)/15/ 22.03.2016 | 5 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/226(5)/2022 /04.08.2022 | 15 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1251(2)/2022 /04.08.2022 | 1 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/226(7)/2022 /04.08.2022 | 3 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/226(8)/2022 /04.08.2022 | 5 |
| 2010-11,11-12 | കെ.എസ്.എ- | 9 |

| | | |
|---|---|---|
| | കെ.ടി.എം.പി11/അദാ-2022/226(9)/2022 /04.08.2022 | |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/226(10)/2022 /04.08.2022 | 8 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/226(11)/2022 /04.08.2022 | 3 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/226(12)/2022 /04.08.2022 | 9 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13/1739/16/ 16.08.2017 | 14 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/990/17/ 28.11.2017 | 25 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1820 /2019/27.09.2019/01.10.2019 | 30 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/236 /2020/23.03.2020/ 24.04.2020 | 40 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി11/939 /2021/06.08.2021/ 14.09.2021 | 28 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി11/940 /2021/21.03.2022 | 22 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്